മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.....ഓർഡർ......(ചോദ്യം നമ്പർ *361)

ഈ വിഷയം സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് 30-06-2022-ലും 12-07-2022-ലും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകിയിട്ടുണ്ട്. കൂടാതെ 30-06-2022-ലെ അടിയന്തരപ്രമേയ നോട്ടീസും ഇതേ വിഷയമായിരുന്നു. ഇന്നലെ നടന്ന വനത്തെക്കുറിച്ചുള്ള ചർച്ചയിലും ഇത് ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ ഉപചോദ്യം ഉന്നയിക്കേണ്ടതില്ല.

## ഇക്കോ സെൻസിറ്റീവ് സോൺ

1(*361) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച വൈൽഡ് ലൈഫ് കൺസർവേഷൻ സ്ട്രാറ്റജി 2002-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ

2011-ൽ സംസ്ഥാന സർക്കാരിനോട് കേന്ദ്ര സർക്കാർ അഭിപ്രായം ആരാഞ്ഞിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ നൽകിയ അഭിപ്രായമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര വനം മന്ത്രാലയത്തിന് നിർദ്ദേശങ്ങൾ നൽകാൻ 2013-ൽ അന്നത്തെ സർക്കാർ തീരുമാനിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച വൈൽഡ് ലൈഫ് കൺസർവേഷൻ സ്ട്രാറ്റജി 2002-ന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക സംവേദകമേഖലകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ 2002 മുതലാണ് ആരംഭിച്ചത്. ഇന്ത്യൻ ബോർഡ് ഫോർ വൈൽഡ് ലൈഫ് 2002 ജനവരി 21-ന് ചേർന്ന 21-മത് യോഗത്തിൽ വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും പുറത്തായി 10 കി.മീറ്റർ ചുറ്റളവ്

വരെയുള്ള പ്രദേശങ്ങൾ പാരിസ്ഥിതിക സംവേദകമേഖലയായി പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചു. ഇതിനെത്തുടർന്ന് ഗോവ ഫൗണ്ടേഷൻ Vs യൂണിയൻ ഗവൺമെന്റ് ഓഫ് ഇന്ത്യ കേസ്സിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 04-12-2006-ലെ ഉത്തരവ് പ്രകാരമാണ് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2011-ൽ പ്രസിദ്ധീകരിക്കുന്നത്. അങ്ങനെ പ്രസിദ്ധീകരിക്കുന്ന ഘട്ടത്തിൽ ആ മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് പ്രത്യേകമായി അഭിപ്രായമൊന്നും ആരാഞ്ഞിരുന്നില്ല. ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) 2011ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ച നിർദ്ദേശങ്ങളിന്മേൽ അഭിപ്രായം സമർപ്പിക്കാൻ നിർദ്ദേശമുണ്ടായിരുന്നില്ല. ആയതിനാൽ ടി മാർഗ്ഗനിർദ്ദേശമനുസരിച്ച് സംസ്ഥാന സർക്കാർ അഭിപ്രായം സമർപ്പിച്ചിരുന്നില്ല.

(സി) 2013-ലെ സർക്കാർ തീരുമാനപ്രകാരം വനപ്രദേശത്തിന്റെ ചുറ്റുമുള്ള

ജനവാസമേഖലകൾ പൂർണ്ണമായും ഒഴിവാക്കി സംരക്ഷിത വനമേഖലയ്ക്ക് ചുറ്റും പൂജ്യം മുതൽ 12 കിലോ മീറ്റർ വരെ ഇക്കോ സെൻസിറ്റീവ് സോണായി വിജ്ഞാപനം ചെയ്യാനുള്ള പ്രൊപ്പോസലുകൾ കേരളം കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ കൃഷിയിടങ്ങളും റവന്യൂ ഭൂമിയും ഒഴിവാക്കാൻ ആവശ്യപ്പെട്ടിരുന്നില്ല.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ബഫർ സോൺ വിഷയത്തിൽ ഒരു കിലോ മീറ്റർ ദൂരപരിധി നിശ്ചയിച്ചത് മുൻ വനം വകുപ്പുമന്ത്രിയാണെന്നും ജനങ്ങളെ ആശങ്കയിലാക്കിയത് 2019-ലെ സർക്കാർ ഉത്തരവാണെന്നും ഒരു ഭരണപക്ഷ എം.എൽ.എ. തുറന്നുസമ്മതിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ 2015-ൽ സമർപ്പിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും 2016-ൽ നടന്ന വിദഗ്ധസമിതി യോഗത്തിൽ പരിഗണിക്കുകയും ചെയ്തിരുന്നു. എന്നാൽ വിദഗ്ധസമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ 2016-ൽ അധികാരത്തിൽ വന്നിട്ടും 2018 വരെ നൽകാത്തതിനെത്തുടർന്നല്ലേ കരട് വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടത്. ജനങ്ങളുടെ ആശങ്കയ്ക്ക് നിദാനം ഈ നിരുത്തരവാദപരമായ സമീപനങ്ങളല്ലേ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ആദ്യമായി ഞാൻ അടിസ്ഥാനരഹിതമായ ആരോപണത്തെ നിഷേധിക്കുന്നു. ഒരു ഭരണകക്ഷി എം.എൽ.എ.-യും അങ്ങനെയൊരു അഭിപ്രായപ്രകടനം നടത്തിയിട്ടില്ല. 2019-ലെ തീരുമാനം ജനങ്ങളിൽ ആശങ്കയുണ്ടാക്കിയിട്ടുണ്ടെന്ന കാര്യം കഴിഞ്ഞ സഭാസമ്മേളനം തുടങ്ങിയ അന്നു മുതൽ ഇന്നേവരെ ആവർത്തിച്ചുകൊണ്ടിരിക്കുന്നത് ദൗർഭാഗ്യകരമാണ്. 2017 വരെ വൈകിയതിനുകാരണം 2016 അവസാനം സമർപ്പിച്ച റിപ്പോർട്ട് കേന്ദ്ര സർക്കാർ തിരിച്ചയയ്ക്കുകയും കൂടുതൽ വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. കളർകോഡ് ഉൾപ്പെടെ മാപ്പിംഗിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അതിനകത്ത് ഇല്ലാതെ പോയതിനാൽ അത് തിരിച്ചയയ്ക്കേണ്ടി വരികയും വീണ്ടും പുതിയ പഠനവും പരിശോധനയും നടത്തേണ്ടിവരികയും ചെയ്തതിനാൽ ഒരു കൊല്ലം വൈകിയത് സ്വാഭാവികമായ ഒരു കാലതാമസമാണ്; അല്ലാതെ മറ്റുതരത്തിലുള്ളതല്ല. 2017-നുശേഷമാണ് പുതിയ പ്രൊപ്പോസൽ വരുന്നത്. ആ പ്രൊപ്പോസലിന്മേൽ 2020-ൽ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ദയവായി ഇനിയും ആശങ്കയുണ്ടാക്കി ജനങ്ങളെ മുൾമുനയിൽ നിർത്തുന്ന തന്ത്രം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകരുതെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, 2022 ജൂണിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധി കേരളത്തിലെ ഇരുപതോളം പട്ടണങ്ങളെയും ഒരു ലക്ഷത്തിലധികം കുടുംബങ്ങളെയും രണ്ടുലക്ഷം ഏക്കർ സ്ഥലത്തെയും ഗൗരവതരമായി ബാധിക്കുന്നതാണ്. 08-05-2013-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യു.ഡി.എഫ്. സർക്കാർ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള മനുഷ്യവാസകേന്ദ്രങ്ങളെ ഒഴിവാക്കിയത് പരിശോധിച്ച് സംരക്ഷിത വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപനം തയ്യാറാക്കണമെന്ന് 2019-ലെ സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നത് അനുസരിച്ചല്ലേ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി. മന്ത്രിസഭാ

തീരുമാനം പുനഃപരിശോധിക്കുന്നതിനും ഈ ഉത്തരവ് തിരുത്തുന്നതിനും സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത് ആവർത്തിച്ചുകൊണ്ടിരുന്നിട്ട് കാര്യമില്ല. 2019-ലെ സർക്കാർ തീരുമാനം 2020-ൽ പുനഃപരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലാണ് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിൽ ഇപ്പോഴുള്ളത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെയുള്ള എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ, 2019-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അത് സജീവമായുണ്ടോ അതോ മരവിപ്പിച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണെന്ന് പലവട്ടം ഞാൻ ഈ സഭയിൽ ആവർത്തിച്ചതിനാൽ പിന്നെയും അത് ആവർത്തിക്കരുത്. മലയോര മേഖലയിലെ പാവപ്പെട്ട കർഷകരെ സംശയത്തിന്റെ മുൾമുനയിൽ നിർത്തുന്ന ഈയൊരു ഏർപ്പാട് ദയവായി അവസാനിപ്പിക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും കേന്ദ്ര സർക്കാരിന്റെയും മുന്നിൽ നമ്മുടെ ആശങ്കകൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നൽകിയെന്നും അവരെ കണ്ടുവെന്നുമുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെപ്പറഞ്ഞു. ESZ (ഇക്കോ സെൻസിറ്റീവ് സോൺ) സംബന്ധിച്ച പഠനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉമ്മൻ വി. ഉമ്മൻ അദ്ധ്യക്ഷനായ കമ്മിറ്റി പരിശോധിച്ചതുപോലെ ഒരു വിശദമായ പഠനവും ആധികാരികമായ എന്തെങ്കിലും പരിശോധനയും ഇതിന് പിൻബലമായി തയ്യാറാക്കിയിട്ടുണ്ടോ; അതുസംബന്ധിച്ച വിശദവിവരം നൽകാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ ചോദ്യം എന്നെ വല്ലാതെ ആശങ്കപ്പെടുത്തുന്നുണ്ട്. ഇനിയും കാലതാമസമുണ്ടാക്കാൻ പറ്റിയ നടപടിക്രമങ്ങളിലേയ്ക്ക് പോകണമോയെന്ന് ബഹുമാനപ്പെട്ട അംഗം അറിഞ്ഞുകൊണ്ട് ചോദിച്ചതാണോ എന്നറിയില്ല. താങ്കൾ ആദ്യം സൂചിപ്പിച്ചതുപോലെ, ഇക്കാര്യത്തിൽ ഗവൺമെന്റ് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ഉൾപ്പടെയുള്ള ഉന്നതതല ഉദ്യോഗസ്ഥരുമായി ഈ പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്തിട്ടുള്ളതും നിലവിൽ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിൽ

സമർപ്പിച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിക്കുന്നതും 'പൂജ്യം മുതൽ ഒന്നു വരെയുള്ള' എന്നതിനുപകരം 'ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കിക്കൊണ്ടുള്ള' എന്ന നിർദ്ദേശമാണ് പരിഗണനയിലുള്ളത്. അതിന് ഒരു പ്രത്യേക പഠനം ആവശ്യമുണ്ടെന്നെനിക്ക് തോന്നുന്നില്ല. അതിന്റെ മാപ്പിംഗ് ഉൾപ്പെടെ കൊടുത്തിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞപ്പോൾ പ്രതിപക്ഷം ജനങ്ങളിൽ ആശങ്കയുണ്ടാക്കുന്നുവെന്ന് പറഞ്ഞു. പ്രതിപക്ഷം ആശങ്കയുണ്ടാക്കാൻ ശ്രമിക്കുന്നില്ല; ഗവൺമെന്റ് ചെയ്യേണ്ട കാര്യം ചെയ്താൽമതി. 2019-ലെ മന്ത്രിസഭാ തീരുമാനം, ഈ തീരുമാനങ്ങൾ വരുന്നതിന് അടിസ്ഥാനമായി കണക്കാക്കിയെന്ന് പറയപ്പെടുന്ന ആ ക്യാബിനെറ്റ് തീരുമാനത്തിൽ എന്തെങ്കിലും മാറ്റംവരുത്താൻ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുണ്ടോ; സുപ്രീം കോടതി ഇക്കോ സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുന്നതിനായി സമീപിക്കുമ്പോൾ സംസ്ഥാന സർക്കാർ ഇതിന് മുന്നോടിയായി ഏതെങ്കിലും തരത്തിലുള്ള ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോ എന്നും നടത്തിയിട്ടുണ്ടെങ്കിൽ അത്

ആരാണ് നടത്തിയതെന്നും വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇവിടെതന്നെ ഒരു ചോദ്യത്തിൽ അത് വന്നതാണ്. ഏറ്റവുമൊടുവിൽ ഉമ്മൻ വി. ഉമ്മൻ കമ്മീഷൻ പഠിച്ച പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് 2020-ലാണ്. ഏറ്റവും ലേറ്റസ്റ്റായ ഡാറ്റകൾ എന്തെങ്കിലുമുണ്ടെങ്കിൽ അതുകൂടി സമർപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ ആ ഡാറ്റകൾ ശേഖരിക്കുന്നതിനുവേണ്ടിയുള്ള പരിശോധനയും പഠനവും നടക്കുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2013-ലെ റിപ്പോർട്ടിനെക്കുറിച്ച് അങ്ങ് പറഞ്ഞു. അതിന്റെ കളർകോഡ് ഇല്ലാത്തതിന്റെയൊരു ഒബ്ജക്ഷൻ കേന്ദ്രത്തിൽ നിന്നു പറഞ്ഞുവെന്ന് അങ്ങ് സൂചിപ്പിക്കുകയും ചെയ്തു. 2015-ൽ ഉമ്മൻ വി ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റിൽ അന്നത്തെ ഗവൺമെന്റ് നിവേദനം കൊടുത്തിട്ടുണ്ട്. ആ നിവേദനത്തിന്റെ ചുവട് പിടിച്ച് ഇക്കോ സെൻസിറ്റീവ് ഏര്യ ആയിട്ടുള്ള സ്ഥലത്ത് പരിമിതി ഉണ്ടാക്കുന്നതിന് ഏത് സന്ദർഭത്തിലാണ് സംസ്ഥാന ഗവൺമെന്റ്

തീരുമാനമെടുത്തത്, ഇവിടെ നമ്മൾ എടുത്തിരുന്ന കോൺസികൃൂട്ടീവായിട്ടുള്ള ലൈനുണ്ട്, അത് പ്രതിപക്ഷമെന്നോ, ഭരണപക്ഷമെന്നോ നോക്കാതെയാണ്. ഇക്കോ സെൻസിറ്റീവായ ഏര്യ ജനവാസ കേന്ദ്രങ്ങളിൽ വരരുതെന്നുതന്നെയാണ് നമ്മളുടെ നിശ്ചയമായ തീരുമാനം. ആ തീരുമാനത്തെ എവിടെവച്ചാണ് ഡൈല്യൂട്ട് ചെയ്തത്? എന്തുകൊണ്ടാണ് അങ്ങനെ ചെയ്യാൻ ഇടയായത്? ഒരു കിലോമീറ്റർവരെ ആകാമെന്ന് തീരുമാനമെടുക്കാനുള്ള പശ്ചാത്തലം എന്താണ്?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇതും ആദ്യത്തെ ദിവസത്തെ ചോദ്യത്തിന്റെ മറുപടി തന്നെയാണ്, 2018-ൽ കേരളത്തിൽ അസാധാരണമായൊരു സാഹചര്യമുണ്ടായി. ഭീതിജനകമായ ഉരുൾപൊട്ടലുകളും വെള്ളപ്പൊക്കവും വന്നപ്പോൾ, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ തടസ്സമുണ്ടാക്കുന്നുണ്ടോ, ഇത്തരം സെൻസിറ്റീവായ സ്ഥലങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ട്. ആ പരിശോധനയുടെ അടിസ്ഥാനത്തിലാണ് 2019-ൽ ഒരു തീരുമാനമെടുക്കാൻ ഇടയായത്. പക്ഷെ പിന്നീടുള്ള പഠനത്തിൽ നിന്നും

ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ അത്തരത്തിലുള്ള സെൻസിറ്റീവ് സോൺ പ്രദേശങ്ങൾ ഈ ഭൂമി പ്രദേശങ്ങളിൽ ഉൾപ്പെടുന്നില്ലായെന്ന് ബോധ്യമായപ്പോഴാണ് യഥാർത്ഥത്തിൽ ജനവാസമേഖലയെല്ലാം ഒഴിവാക്കണമെന്ന നിഗമനത്തിലേക്ക് സർക്കാർ എത്തിച്ചേർന്നത്, 2019-ലെ തീരുമാനവുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നം പരിഹരിക്കാമെന്ന് ഞാൻ ഇവിടെ പറഞ്ഞു കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, 12 കിലോമീറ്റർ ബഫർസോൺ ആകാം എന്നുള്ള തീരുമാനം ആദ്യം കൈക്കൊണ്ടത് ശ്രീ. ജയറാം രമേശ് കേന്ദ്ര മന്ത്രിയായിരിക്കുന്ന അവസരത്തിലാണ്. 2013-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മന്ത്രിസഭാ യോഗമെടുത്ത തീരുമാനം 12 കിലോമീറ്റർ വരെ ബഫർസോൺ ആകാമെന്നാണ്. അന്ന് യു.ഡി.എഫിന്റെ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ഉപസമതികൾ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അവർ അന്ന് കൊടുത്ത റിപ്പോർട്ടെന്നു പറയുന്നത്, റവന്യൂ ഭൂമിയടക്കം ബഫർസോൺ ആക്കാനുള്ള നിർദ്ദേശമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതല്ലേ ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണം,

ഇത് പരിഹരിക്കുവാൻ നിലവിലുള്ള സുപ്രീംകോടതിയുടെ നിർദ്ദേശത്തെ മറികടക്കുവാനുള്ള ആത്മാർത്ഥമായിട്ടുള്ള പരിശ്രമമാണ് ഗവൺമെന്റ് ഈ ദിവസങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെ രാഷ്ട്രീയമായി മുതലെടുക്കാനുള്ള അവസരമാണ് യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്, അതിനെ മറികടന്നുകൊണ്ട് കേരളത്തിലെ മുഴുവൻ ജനങ്ങളേയും സഹായിക്കാനാവശ്യമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതിൽ ഒരു കാര്യംകൂടി വ്യക്തമാക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. സുപ്രീംകോടതിയുടെ വിധിയും ഈ നിർദ്ദേശങ്ങളും തമ്മിൽ ഒരു ബന്ധവുമില്ലായെന്നാണ് ആദ്യം മനസ്സിലാക്കേണ്ടത്. ബഫർ സോണുകളായി പ്രഖ്യാപിക്കുന്നതിന് സുപ്രീംകോടതി സംസ്ഥാന ഗവൺമെന്റുകളുടെ പ്രൊപ്പോസലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലല്ല ഈ വിധി ഉണ്ടായിരിക്കുന്നത്. ഗോവാ ഫൗണ്ടേഷൻ വേഴ്സസ് ഗവൺമെന്റ് ഓഫ് ഇന്ത്യയും, ഗോദവർമ്മ തിരുമുൽപ്പാട് ഇന്ത്യാഗവൺമെന്റുമായി നടത്തിയ കേസ്സും, ആ കേസ്സുകളിലെ വിധിയാണ്. ആ കേസ്സുകളിലെ വിധി പരിഗണിക്കുന്ന ഒരു ഘട്ടത്തിലും

സംസ്ഥാന ഗവൺമെന്റുകൾ സമർപ്പിച്ച ബഫർസോൺ പ്രഖ്യാപനവുമായി ബന്ധപ്പെട്ട ഒരു പ്രൊപ്പോസലുകളും പരിഗണിച്ചിട്ടില്ല എന്നതാണ് വാസ്തവം. ഇത് നമുക്ക് മാത്രമല്ല, ഇന്ത്യക്ക് ആകെ ബാധകമാണ്. അത് രണ്ടും രണ്ടാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞ കാര്യം അവാസ്തവമാണ്. കാരണം 10 കിലോമീറ്റർ ബഫർ സോൺ ആക്കണമെന്നത് സംബന്ധിച്ച് 2002-ലെ കേന്ദ്ര ഗവൺമെന്റിന്റെ ഒരു വിഷൻ ഡോക്യുമെന്റ് ഉണ്ടായിരുന്നു. നോയിഡ പാർക്ക് കേസ്സ് സുപ്രീംകോടതിയുടെ മുൻപിൽ വന്ന സമയത്ത് സുപ്രീംകോടതി കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റുകളുടെ അഭിപ്രായം ചോദിച്ചു, അത് ക്രോഡീകരിച്ച് കൊടുക്കാൻ പറഞ്ഞു. അങ്ങനെ എല്ലാ സംസ്ഥാനങ്ങളും അഭിപ്രായം കൊടുത്തു, 2015-ൽ അന്നത്തെ യു.ഡി.എഫ്. സർക്കാർ അഭിപ്രായം കൊടുത്തിരുന്നു. പക്ഷെ അത് പിന്നീട് വിശദാംശങ്ങൾ ചോദിച്ചപ്പോൾ കൊടുക്കാത്തതുകൊണ്ട് റദ്ദായി. പിന്നീട് നമുക്ക് അറിയാവുന്നതുപോലെ 23-10-2019-ൽ നമ്മുടെ മന്ത്രിസഭായോഗം എടുത്ത തീരുമാനമാണ് ഇപ്പോൾ നിലനിൽക്കുന്നത്. സംസ്ഥാന ഗവൺമെന്റ്

കൊടുത്ത ഈ അഭിപ്രായം കേന്ദ്ര ഗവൺമെന്റ് കളക്ട് ചെയ്ത് കൊടുത്തിട്ടുണ്ട്. തമിഴ്നാടിന്റേത് അവർ കൊടുത്തിട്ടുണ്ട്, ഞാൻ കഴിഞ്ഞ ദിവസം കുമളിയിൽപോയി, കുമളിയിൽ ഇപ്പുറത്ത് ഒരു കിലോമീറ്റർ ബഫർസോൺ ഉണ്ട്. തമിഴ്നാട് അതിർത്തിയിൽ സീറോ ആണ് ബഫർസോൺ. കാരണം തമിഴ്നാട് സീറോ ബഫർസോൺ വേണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. ഒരേ വന്യജീവി സങ്കേതത്തിന്റെ ഇപ്പുറത്ത് ഒരു കിലോമീറ്റർ ബഫർസോൺ, അപ്പുറത്തില്ല. ഇത് തർക്കത്തിനുവേണ്ടി പറയുന്നതല്ല. എല്ലാ കൺഫ്യൂഷനും തീരും, 23-10-2019-ൽ എടുത്ത മന്ത്രിസഭാ യോഗത്തിന്റെ തീരുമാനം 2020-ൽ മാറ്റിയെന്നു നിങ്ങൾ പറയുന്നു. ആ മാറ്റിയത് പ്രസക്തമല്ല, നിയമപരമായി നിലനിൽക്കുന്നതല്ല. വളരെ സിംപിൾ ആണ്. 23-10-2019-ൽ മന്ത്രിസഭയെടുത്ത തീരുമാനം റദ്ദാക്കി, പുതിയ തീരുമാനം അതായത് ജനവാസകേന്ദ്രങ്ങളൊന്നും ബഫർസോണിൽ പാടില്ലായെന്നുള്ള തീരുമാനമെടുത്തുകൊടുത്തില്ലെങ്കിൽ അപകടം ചെയ്യുമെന്നാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. അതിന് തയ്യാറുണ്ടോയെന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യം

ഗൗരവത്തിൽ പരിശോധിക്കാമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. കാരണം സഭയുടെ ഒരു വികാരമാണ്, ആ വികാരം പരിശോധിച്ച് സംസ്ഥാനത്തെ മലയോരമേഖലയിലെ കർഷക സമൂഹത്തിന്റെ താൽപ്പര്യസംരക്ഷണത്തിന് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തേണ്ടത്, ആ മാറ്റങ്ങളൊക്കെ വരുത്തി ജനങ്ങളുടെ ആവശ്യം സാധിക്കുന്ന വിധത്തിലുള്ള പ്രൊപ്പോസലുകളുമായിട്ടാണ് ഇനി കോടതിയെ സമീപിക്കാൻ പോകുന്നത്. ദയവായി ഇനിയെങ്കിലും ആ നിലപാടിൽ നിന്നും മാറി ഒരു സഹകരണാത്മകമായ നിലപാട് സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, നിലവിൽ കോഴിഫാം നടത്താൻ പോലും അനുമതി ലഭിക്കാത്ത സാഹചര്യമാണുള്ളത്. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കോഴിവളർത്തൽ കൃഷിയായി അംഗീകരിച്ച്, വനമേഖലയിലെ കർഷകർക്ക് കോഴിഫാം നടത്തുന്നതിന് അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇത് പ്രത്യേകമായി ചോദിച്ചാലല്ലാതെ, കോഴിവളർത്തലിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് ഞാൻ

മനസ്സിലാക്കിയിട്ടില്ല. അത് പരിശോധിച്ച് അങ്ങനെയെന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, 2016-ൽ ന്യൂഡെൽഹിയിൽ നടന്ന വനം പരിസ്ഥിതി സംബന്ധിച്ച വിശ്വസമിതിയോഗം ആവശ്യപ്പെട്ട വിശദാംശങ്ങൾ 2018 വരെ കഴിഞ്ഞ സർക്കാർ നൽകാത്തതിനെത്തുടർന്ന്, കരട് വിജ്ഞാപനം കാലഹരണപ്പെട്ടതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അതിന് ഞാൻ മറുപടി പറഞ്ഞതാണ്, 2017-ൽ സമർപ്പിച്ച നടപടിക്ക് അതിൽ ആവശ്യപ്പെട്ട രേഖകൾ മുഴുവനും ഇല്ലാത്തതുകൊണ്ട് പുതിയ രേഖ ആവശ്യപ്പെട്ടപ്പോഴാണ് പുതിയതുണ്ടാക്കാനുള്ള കാലതാമസമെടുത്തത്. അത് സ്വാഭാവിക കാലതാമസമായിരുന്നു, മനപൂർവ്വമുള്ള കാലതാമസമല്ല.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ നിയമസഭ ഒരു കമ്മിറ്റിയെ വയ്ക്കുന്ന സാഹചര്യമുണ്ടായി. ഹരിത എം.എൽ.എ.-മാരെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് കമ്മിറ്റി രൂപീകരിച്ചത്. ശ്രീ. ടി.എൻ. പ്രതാപനും, ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനും

ഉൾപ്പെടുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് എന്തായിരുന്നുവെന്നത് ഈ സഭയിൽ വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആ റിപ്പോർട്ട് പ്രത്യേകിച്ച് എടുക്കണം, എന്നാലും അതിന്റെ കണ്ടന്റ്, ആ കമ്മിറ്റി റിപ്പോർട്ടിൽ ഒരിടത്തും ബഫർസോൺ ആവശ്യമില്ലെന്ന നിലപാട് എടുത്തിട്ടില്ല. ബഫർസോൺ വേണമെന്ന തീരുമാനമാണ് എടുത്തിട്ടുള്ളത്. എനിക്കുതോന്നുന്നു ആ ചർച്ചയുടെകൂടി ഭാഗമായിട്ടാണ് പൂജ്യം മുതൽ പന്ത്രണ്ടുവരെ എന്ന നിഗമനത്തിലേക്ക് സർക്കാർ എത്തിയത്. ഫയൽ പൂർണ്ണമായും നോക്കിയാലേ പറയാൻ പറ്റുകയുള്ളൂ.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ബഫർ സോണുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പ്രമേയം പാസ്സാക്കിയത് സ്വാഗതാർഹമാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, കർഷക സമൂഹത്തിന്റെ ആഗ്രഹങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മാത്രമേ പ്രൊപ്പോസൽ സമർപ്പിക്കുകയുള്ളൂവെന്ന്. കർഷക സമൂഹങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനുവേണ്ടി, എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്, ബത്തേരി

മുനിസിപ്പാലിറ്റി, നെൻമേനി, പൂതാടി, പുൽപ്പള്ളി, മുള്ളൻകൊല്ലി എന്നീ 6 പഞ്ചായത്തുകളാണ് വരുന്നത്. ഞങ്ങൾ നേരത്തെതന്നെ മുഖ്യമന്ത്രിക്കും, വകുപ്പുമന്ത്രിക്കും കത്ത് നൽകിയിട്ടുണ്ട്. ഈ ആശങ്ക പരിഹരിക്കുന്നതിനുവേണ്ടി സർവ്വേ നടക്കുന്നതിനു മുൻപ് ഓരോ പഞ്ചായത്തിന്റേയും ഭൂപ്രകൃതി അനുസരിച്ച് സീറോയിൽത്തന്നെ അതിർത്തി നിർണ്ണയിക്കുന്നതിനുവേണ്ടി അവിടുത്തെ പഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടുന്ന ജനപ്രതിനിധികളേയും, എം.എൽ.എ.-മാരേയും അടക്കം വിളിച്ച് യോഗം നടത്തി വ്യക്തമായ റിപ്പോർട്ട് സ്വരൂപിക്കുന്നതിനുവേണ്ടിയുള്ള തീരുമാനം കൈക്കൊള്ളുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇനിയൊരു പുന:പരിശോധന നടത്തി നിലവിലുള്ള റിപ്പോർട്ടിൽ മാറ്റം വരുത്താനുള്ള കാലതാമസം ഒഴിവാക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ ജനവാസമേഖലകളെയാകെ ഒഴിവാക്കുകയെന്നൊരു ഫ്രെയിമിൽ നമ്മൾ എത്തിയാൽ മറ്റ് തരത്തിലുള്ള ചർച്ചകളോ പരിശോധനകളോ നടത്തേണ്ടതിന്റെ ആവശ്യമില്ല. ജനവാസമേഖലകളെ ഒഴിവാക്കിയെന്ന് പറയുമ്പോൾ എല്ലാ സ്ഥലവും

ഉൾക്കൊള്ളും, ജനവാസമുള്ള ഒരു സ്ഥലവും ഈ പരിധിയിൽപ്പെടുന്നതല്ല.

## എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ

(*362) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രൊഫഷണൽ നാടകരംഗം, മിമിക്രി, ഗാനമേള, നാടൻ കലാരൂപങ്ങൾ തുടങ്ങിയ മേഖലകളിലെ ആർട്ടിസ്റ്റുകൾക്കും പ്രവർത്തകർക്കും വേദികൾ ലഭ്യമാക്കുവാനുള്ള അവസരം പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ മുഖേന നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) വിദേശ രാജ്യങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികളെയടക്കം ആകർഷിക്കുവാൻ പര്യാപ്തമായ നിലയിൽ അതത് ജില്ലകളുടെ സാംസ്കാരിക സവിശേഷതകൾക്കനുസൃതമായ കലാരൂപങ്ങൾക്ക് ഇത്തരം സാംസ്കാരിക നിലയങ്ങളിൽ സ്ഥിരംവേദി ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ?

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2016-17 -ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും, നവോത്ഥാന നായകരുടെ നാമധേയത്തിൽ ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

നാടിന്റെ കലാസംസ്കാരിക രംഗം ചലനാത്മകമാക്കാനുതകുന്ന ഈ പദ്ധതി രാജ്യത്ത് ഇദംപ്രഥമമാണ് എന്നുകരുതുന്നു. നൃത്ത-സംഗീത-നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ തുടങ്ങി എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗ കേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്. മാനുഷികത, സാഹോദര്യം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായതും കേരളത്തിന്റെ തനത് സാംസ്കാരിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതുമാണ് ഈ സാംസ്കാരിക സമുച്ചയങ്ങൾ.

ഓരോ സമുച്ചയത്തിലും നൃത്ത-സംഗീത-നാടക ശാലകൾ, ആഡിറ്റോറിയങ്ങൾ, ചലച്ചിത്ര പ്രദർശന ഹാളുകൾ, ഗ്രന്ഥശാലകൾ, ശില്പികൾക്കും കരകൗശല വിദഗ്ദ്ധർക്കുമുള്ള പണിപ്പുരകൾ, കലാസൃഷ്ടി പ്രദർശന ശാലകൾ, ഹ്രസ്വകാല താമസ സൗകര്യങ്ങൾ, ഓപ്പൺ എയർ ഓഡിറ്റോറിയം, ശില്പോദ്യാനം തുടങ്ങിയവയാണ് സജ്ജീകരിക്കുന്നത്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) ധനസഹായത്തോടെ ഓരോ ജില്ലയിലും 3 മുതൽ 5 ഏക്കർ വരെ ഭൂമി കണ്ടെത്തി 50 കോടി രൂപ വീതം ചെലവഴിച്ച് ആകെ 700 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.+

(ബി)&(സി) ഓരോ സമുച്ചയത്തിലും നൃത്ത-സംഗീത-നാടക ശാലകൾ, ആഡിറ്റോറിയങ്ങൾ, ഹ്രസ്വകാല താമസ സൗകര്യങ്ങൾ, തുടങ്ങിയവ സജ്ജീകരിക്കുന്നുണ്ട്. നൃത്ത-സംഗീത-നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, പ്രാദേശിക കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ, ഗാനമേള, മിമിക്രി ഉൾപ്പെടെയുള്ള കലാവതരണങ്ങൾ തുടങ്ങിയ എല്ലാവിധ

+വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗ കേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്. സാംസ്കാരിക സമുച്ചയങ്ങൾ പ്രവർത്തനക്ഷമമാകുമ്പോൾ വിദേശ രാജ്യങ്ങളിൽനിന്നുള്ള വിനോദ സഞ്ചാരികളെയടക്കം ആകർഷിക്കുവാൻ പര്യാപ്തമായ നിലയിൽ കേരളത്തിന്റെ സാംസ്കാരികത്തനിമ വിളിച്ചോതുന്ന കലാരൂപങ്ങൾക്കും അതത് ജില്ലകളുടെ സവിശേഷതകളായ കലാരൂപങ്ങൾക്കും വേദിയൊരുക്കാൻ കഴിയും.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, കലാകാരൻ/ കലാകാരികളുമായി ബന്ധപ്പെട്ട് സാസ്കാരിക വകുപ്പുമന്ത്രിയോട് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യം ചോദിക്കുകയാണ്, കുറച്ച് ദിവസങ്ങൾക്കുമുമ്പ് കേരളത്തിലെ ഒരു പ്രധാനപ്പെട്ട ചാനലിന്റെ വളരെ സമർത്ഥനായ ക്യാമറാമാൻ ആത്മഹത്യ ചെയ്യുകയുണ്ടായി. പ്രസ്തുത വ്യക്തി ഓൺലൈൻ ചൂതാട്ടത്തിന് അടിമപ്പെട്ട് സാമ്പത്തിക നഷ്ടം സംഭവിച്ചതാണ് ആത്മഹത്യയ്ക്ക് കാരണമായതെന്ന് അന്വേഷിച്ചപ്പോൾ മനസ്സിലായി. ഇത് കേരളത്തിൽ നടന്ന ഒറ്റപ്പെട്ട ഒരു സംഭവമല്ല, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യമാണ്. ഇവിടെ നമുക്ക് ഏറെ ലജ്ജതോന്നുന്ന കാര്യം, ഇത്തരം സാമൂഹ്യവിരുദ്ധ/സാമൂഹ്യദ്രോഹ

പരസ്യങ്ങളിൽ നമ്മുടെ ആദരണീയരായ കലാകാരൻ / കലാകാരികൾ പങ്കെടുക്കുന്നുവെന്നതാണ്. ശ്രീ. ഷാരൂഖ് ഖാൻ ഇന്ത്യയിലെ വലിയ നടനാണ്, പണമില്ലാത്ത ആളല്ല. വിരാട് കോഹ്‌ലി, നല്ലൊരു സ്പോർട്സ് താരമാണ്, എല്ലാവരും ബഹുമാനിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന വ്യക്തിയാണ്, അഞ്ച് പൈസയ്ക്ക് ഗതിയില്ലാത്ത പിച്ചക്കാരനല്ലല്ലോ, പണമില്ലാത്തതുകൊണ്ട് ചെയ്യുന്നതല്ല. നമ്മുടെയെല്ലാം പ്രിയങ്കരനായ ഗാനഗന്ധർവൻ ഡോ. കെ. ജെ. യേശുദാസിന്റെ മകൻ വിജയ് യേശുദാസ്, ഗായിക റിമി ടോമി തുടങ്ങിയവരെയും ഇത്തരം പരസ്യങ്ങളിൽ സ്ഥിരമായി കാണാറുണ്ട്. ഇത്തരം നാണംകെട്ട, ജനദ്രോഹ-രാജ്യദ്രോഹ പരസ്യങ്ങളിൽനിന്നും സാംസ്കരിക പ്രമാണിമാർ എന്നുപറയുന്ന മാന്യന്മാർ പിന്മാറണമെന്ന് സർക്കാരും സാംസ്കാരിക വകുപ്പുമന്ത്രിയെന്നനിലയിൽ അങ്ങും ഈ സഭയുടെ പേരിൽ അഭ്യർത്ഥിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ആദ്യം സാംസ്കാരിക വിപ്ലവമുണ്ടാകേണ്ടത് അവരുടെയെല്ലാം മനസ്സുകളിലാണ്, എന്നാൽ മാത്രമേ ഇത്തരം കാര്യങ്ങളിൽ ഒരു മാറ്റമുണ്ടാകുകയുള്ളൂ, ഇതൊന്നും നിയമംമൂലം

നിരോധിക്കാൻ സാധിക്കുന്നതല്ല. എന്നാലും നമുക്കെല്ലാംചേർന്ന് ഒരു അഭ്യർത്ഥന നടത്താം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: (മൈക്ക് ഓഫ്) സർ, അങ്ങിത് 'അമ്മ' യിൽ ഉന്നയിക്കുമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, അതുംകൂടിച്ചേർത്താണ് പറഞ്ഞത്. ഈ വിഷയം സംബന്ധിച്ച് അങ്ങ് ഒരു കത്തയയ്ക്കണം എന്നുകൂടി പറയുകയാണ്. സാംസ്കാരിക സമുച്ചയങ്ങൾ സംബന്ധിച്ച് അങ്ങ് വളരെ നല്ല മറുപടിയാണ് പറഞ്ഞത്. നമ്മുടെ എല്ലാ ജില്ലകളിലും ഒരു സാംസ്കാരിക കേന്ദ്രമുണ്ടാക്കുന്നതിനായി കിഫ്ബിയിൽനിന്നും പണം മാറ്റിവയ്ക്കുകയും കോടിക്കണക്കിന് രൂപ ചെലവഴിച്ച് അവയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിവരികയുമാണെന്ന് അങ്ങ് പറഞ്ഞു. ഒരു സാംസ്കാരിക സമുച്ചയത്തിന് ആവശ്യമായ എല്ലാ ആശയങ്ങളും ഉൾക്കൊണ്ടുകൊണ്ടാണ് ഇത്തരം കേന്ദ്രങ്ങളുടെ നിർമ്മിതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. അമേരിക്കയിൽ പോയാൽ വിനോദസഞ്ചാരികളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്നത്, അവിടെയുള്ള ബ്രോഡ്വേ ഷോകളാണ് (Broadway Shows), അതൊരു

സ്ഥിരം നാടകവേദിയാണ്. നമ്മൾ കൊണ്ടുവരാൻ ഉദ്ദേശിച്ചതുപോലുള്ള കലാസമുച്ചയങ്ങൾക്കുള്ളിൽ സ്ഥിരം നാടകവേദി ഉണ്ടാക്കിയിരിക്കുകയാണ്. നൃത്തവും സംഗീതവുമുൾപ്പെടെ, വളരെ ചരിത്രപരവും മനോഹരവുമായ നാടകങ്ങൾ അവിടെ അവതരിപ്പിക്കുന്നത് വളരെ അത്ഭുതത്തോടെയാണ് കാഴ്ചക്കാർ വീക്ഷിക്കുന്നത്. 65 വർഷങ്ങൾക്കുമുമ്പ് കേരളത്തിലും പ്രത്യേകിച്ച് തിരുവനന്തപുരത്തും 'കലാമണ്ഡലം കൃഷ്ണൻനായർ' എന്ന കലാകാരൻ ഇത്തരത്തിലുള്ള സ്ഥിരം നാടകവേദി സംഘടിപ്പിച്ചിരുന്നു. വിമാനവും കാറുമെല്ലാം ബ്രോഡ്‍വേ ഷോയുടെ വേദികളിലുണ്ടാകാറുണ്ട്, അതുപോലെതന്നെ ഇവിടെയും കാറും കാളവണ്ടിയുമെല്ലാം വേദിയിൽ കൊണ്ടുവന്ന് 'രക്തരക്ഷസ് ' പോലെയുള്ള നാടകങ്ങൾ അവതരിപ്പിച്ച മലയാളി ഇന്ന് എവിടെ നിൽക്കുന്നു? നാടക-നൃത്ത-സംഗീത കലാകാരന്മാരുൾപ്പെടെയുള്ള നമ്മുടെ ഒരുപറ്റം കലാകാരന്മാർ കോവിഡ് മഹാമാരിസമയത്തും ശേഷവും പട്ടിണിയിലായിരുന്നു. ഓണമുൾപ്പെടെയുള്ള ഉത്സവ കാലങ്ങളിൽ സാധാരണയായി കലാകാരന്മാർക്ക് തൊഴിലുണ്ടാകാറുണ്ടെങ്കിലും വർഷത്തിൽ 8-10 മാസത്തോളം ഇവർക്ക്

ജോലിയില്ലാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് നമ്മൾ നിർമ്മിക്കുന്ന ഇത്തരം കലാ-സാംസ്കാരിക സമുച്ചയങ്ങളിൽ ടൂറിസം വകുപ്പുമായിച്ചേർന്നുകൊണ്ട് സ്ഥിരം കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് സൗകര്യമൊരുക്കുമോ? കൊല്ലം പ്രൊഫഷണൽ നാടകങ്ങളുടെ മണ്ണാണ്, കൊല്ലത്ത് വന്നുകഴിഞ്ഞാൽ അവിടെയുള്ള സാംസ്കാരിക സമുച്ചയത്തിൽ പ്രൊഫഷണൽ നാടകം കാണാൻ സൗകര്യമുണ്ടാകണം, തൃശ്ശൂരിൽ ചെന്നുകഴിഞ്ഞാൽ കഥകളി കാണാനുള്ള സൗകര്യമുണ്ടാകണം. അത്തരത്തിൽ ടൂറിസം വകുപ്പും സാംസ്കാരിക വകുപ്പും ഒത്തുചേർന്ന് ഒരു ടൈംടേബിൾ നിശ്ചയിച്ച് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുള്ള സൗകര്യമൊരുക്കിക്കൊണ്ട് വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള നടപടി സ്വീകരിച്ചാൽ, കലാകാരന്മാർ/കലാകാരികൾക്ക് വരുമാനം ലഭ്യമാകുന്നതോടൊപ്പം വിസ്മൃതിയിലായ കലാരൂപങ്ങളായ യക്ഷഗാനം, വില്ലടിച്ചാൻ പാട്ട് തുടങ്ങിയ കലാരൂപങ്ങളെ പുനഃസൃഷ്ടിച്ച് ലോകത്തെ കാണിക്കാനും സാധിക്കും. ഇത്തരം ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അങ്ങ് പറഞ്ഞ ക്രിയാത്മക നിർദ്ദേശം

പരിഗണിക്കാവുന്നതാണ്. അതോടൊപ്പംതന്നെ അത്തരം പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചുകഴിഞ്ഞുവെന്നും വിനയപൂർവ്വം അറിയിക്കുകയാണ്. സംഗീത-നാടക അക്കാദമി 2023 ജനുവരിയിൽ തൃശ്ശൂരിൽ ഒരു അന്തർദ്ദേശീയ നാടകോത്സവം സംഘടിപ്പിക്കുന്നുണ്ട്, അതിന്റെ സംഘാടകസമിതി രണ്ടുദിവസം മുമ്പ് രൂപീകരിച്ചുകഴിഞ്ഞു. സ്വദേശത്തും വിദേശത്തുമുള്ള നിരവധി നാടകങ്ങൾ അവിടെ അരങ്ങേറും. അതുപോലെത്തന്നെ ഇന്നലെ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നാടകോത്സവം ആരംഭിച്ചുകഴിഞ്ഞു. അങ്ങനെ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ സാസ്കാരിക കേന്ദ്രങ്ങളിൽ നാടകോത്സവങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. സ്ഥിരമായ നാടകവേദിയെന്ന അങ്ങയുടെ നിർദ്ദേശം പരിഗണനയിലെടുക്കുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, നമ്മുടെ സംസ്ഥാനം വളരെ വ്യത്യസ്തമായ കലാസാംസ്കാരിക ചരിത്രമുള്ള നാടാണ്. ദിവസം മൂന്ന് പ്രോഗ്രാമുകൾവരെ ചെയ്തുകൊണ്ട് ആയിരക്കണക്കിന് വേദികളിൽ കഥാപ്രസംഗം അവതരിപ്പിക്കുകയും, ആ കലാരൂപത്തിലൂടെ കേരളത്തിൽ പണ്ട് നിലനിന്നിരുന്ന അയിത്തവും അനാചാരവും ദുരാചാരവും അടിമത്വവും

ഇല്ലാതാക്കുന്നതിന് നടത്തിക്കൊണ്ടിരുന്ന പരിശ്രമങ്ങളിൽ വലിയ സംഭാവന ചെയ്ത വ്യക്തിയാണ് കാഥികൻ പ്രൊഫ. വി. സാംബശിവൻ. അതുപോലെത്തന്നെ സാമൂഹ്യപ്രതിബദ്ധതയുള്ള നാടകങ്ങൾ അവതരിപ്പിച്ചുകൊണ്ട് കെ.പി.എ.സി. എന്ന നാടകവേദിയും ഇതേ കാര്യത്തിന് നൽകിയ സംഭാവനകൾ ഒരിക്കലും മറക്കാൻ കഴിയില്ല. കേരളത്തിന്റെ ചരിത്രത്തെ മാറ്റിയെടുക്കാൻ ഇവരെല്ലാം വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. ഓണാട്ടുകരയുടെയും വേണാടിന്റെയുമൊക്ക ചരിത്രമുറങ്ങുന്ന ശാസ്താംകോട്ട തടാകക്കാഴ്ച കാണാൻ കേരളത്തിന്റെ വിവിധ മേഖലകളിൽനിന്നും കലാകാരന്മാരുൾപ്പെടെ ധാരാളം ആളുകൾ വന്നുകൊണ്ടിരിക്കുന്നതിനാൽ, ശാസ്താംകോട്ട കേന്ദ്രമാക്കി കലാകാരന്മാർക്കായി ഒരു സ്ഥിരം സാംസ്കാരികവേദി ഒരുക്കുന്നതിന് സാംസ്കാരിക വകുപ്പ് തയ്യാറാകുമോ?

<u>ശ്രീ. വി. എൻ. വാസവൻ:</u> സർ, അങ്ങ് സൂചിപ്പിച്ച നാടകപ്രവർത്തനങ്ങളിൽ ഉൾപ്പെട്ടത് കെ.പി.എ.സി. മാത്രമല്ല, നിരവധി നാടക ട്രൂപ്പുകൾ നമ്മുടെ സംസ്ഥാനത്ത് സാമൂഹ്യമാറ്റത്തിന് ഉതകുന്ന രീതിയിലുള്ള നാടകങ്ങൾ അവതരിപ്പിച്ച് സാംസ്കാരിക മുന്നേറ്റമുണ്ടാക്കിയിട്ടുണ്ട്,

കഥാപ്രസംഗത്തിന്റെ കാര്യവും അതുപോലെത്തന്നെയാണ്. കാഥികൻ പ്രൊഫ. വി. സാംബശിവന്റെ കഥാപ്രസംഗങ്ങളിൽ, " ആയിഷ, അനീഷ്യ, നെല്ലിന്റെ ഗീതം, വിലയ്ക്കുവാങ്ങാം, ഇരുപതാം നൂറ്റാണ്ട്" റോമിയോ ആന്റ് ജൂലിയറ്റ് ഇങ്ങനെ തുടങ്ങി എത്രയോ ഉദാഹരണങ്ങളുണ്ട്....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് കഥപറയാൻ തുടങ്ങുകയാണോ?

ശ്രീ. വി. എൻ. വാസവൻ: സർ, അദ്ദേഹം കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഞാനും അതിനെക്കുറിച്ച് പറഞ്ഞതാണ്, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം അംഗീകരിക്കുകയാണ്, അതിൽ തർക്കമൊന്നുമില്ല. ശാസ്താംകോട്ടയിൽ സാംസ്കാരികവേദി ഒരുക്കുന്നകാര്യം ഭാവിയിൽ പരിഗണിക്കുന്നതാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, കലാ സാംസ്കാരിക നിലയങ്ങൾ ടൂറിസം വികസനത്തിന്റെ അഭിവാജ്യ ഘടകമാണ്. ലോകത്ത് കാണേണ്ട 50 സ്ഥലങ്ങളെക്കുറിച്ച് ടൈം മാഗസീൻ പ്രസിദ്ധീകരിച്ച ഒരു കുറിപ്പിൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥലം കേരളവും അതിൽത്തന്നെ എന്റെ ജന്മസ്ഥലമായ കുട്ടനാട്ടുമാണ്. യശഃശ്ശരീരനായ തകഴി ശിവശങ്കര പിള്ള, കാവാലം

നാരായണപ്പണിക്കർ, നെടുമുടി വേണു, പി.എൻ. പണിക്കർ, കൈനകരി തങ്കരാജ് തുടങ്ങി ഏറ്റവും പ്രാധാന്യമുള്ള കലാ-സാംസ്കാരിക നായകന്മാർ ജനിച്ചുവളർന്ന സ്ഥലമാണ് കുട്ടനാട്. അതുകൊണ്ട് ടൂറിസത്തിന്റെ വികസനത്തിനുകൂടി ആവശ്യമായ കലാ-സാംസ്കാരിക നിലയങ്ങൾ കുട്ടനാട്ടിൽ കൂടുതലായി കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നെടുമുടി വേണു, കാവാലം നാരായണപ്പണിക്കർ എന്നിവരുൾപ്പെടെയുള്ള വളരെ പ്രധാനപ്പെട്ട വ്യക്തിത്വങ്ങളെ അങ്ങ് പരാമർശിച്ചത് വളരെ ശരിയാണ്, ഇവരെല്ലാം കലാ-സാംസ്കാരിക കേരളത്തിന് വിലപ്പെട്ട സംഭാവന നൽകിയ അതുല്യപ്രതിഭകളായിരുന്നു. നിശ്ചയമായും അങ്ങ് സൂചിപ്പിച്ച കാര്യം ഭാവിൽ പരിഗണിക്കാം.

ശ്രീ. മാത്യു ടി. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. പി. മോഹനൻ): സർ, മതത്തിന്റെയും ജാതിയുടെയും അധികാരത്തിന്റെയും പേരിൽ സാംസ്കാരിക ഭൂപടംതന്നെ മാറ്റിമറിയ്ക്കപ്പെടുമ്പോൾ സമൂഹത്തിലെ ജീർണ്ണതയ്ക്കെതിരെയും സാമൂഹ്യ തിന്മകൾക്കെതിരെയുമുള്ള സന്ദേശം

നാട്ടുകാരിൽ എത്തിച്ചവരാണ് നാടകകലാകാരന്മാർ. ഒരു കാലത്ത് നാടകമെന്ന് പറയുമ്പോൾ നമുക്കെല്ലാം ആവേശമായിരുന്നു. പക്ഷേ ഇന്ന് പ്രസ്തുത കലാകാരന്മാരെല്ലാംതന്നെ വളരെയധികം അവശത നേരിടുകയാണ്. നാടക അവതരണമില്ലാത്ത ഇക്കാലത്ത് അവർ വരുമാനംപോലുമില്ലാത്ത അവസ്ഥയിലാണ്. അവരുടെ മക്കളുടെ സ്ഥിതിയും അതുപോലെത്തന്നെയാണ്. നാടകകലാകാരന്മാർക്ക് പെൻഷനും അതോടൊപ്പം മറ്റ് സാമ്പത്തിക സഹായങ്ങളും നൽകുന്നതിന് സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നിലവിൽ അവർക്കായി ഒരു പെൻഷൻ സ്കീമുണ്ട്. ഭാവിയിൽ അത് പരിഷ്കരിച്ച് എല്ലാവർക്കുമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, സാംസ്കാരിക മേഖലയുടെ ഉയർച്ചയ്ക്കുവേണ്ടി ശ്രീ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ട് സർക്കാരുകളും വലിയ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. നിരവധി സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആവർത്തന ഗ്രാന്റും നൽകുന്നുണ്ട്. കണ്ണൂർ നിയോജകമണ്ഡലത്തിലാണ് തെയ്യം കലാരൂപത്തെ പ്രോത്സാഹിപ്പിക്കാൻവേണ്ടി തെയ്യം കലാ അക്കാഡമി

സ്ഥാപിച്ചിട്ടുള്ളത്. തെയ്യത്തിന്റെ സീസണിൽ വിദേശികൾ ഉൾപ്പെടെയുള്ള നിരവധി ആളുകൾ അവിടെ തെയ്യം കാണാനും ആസ്വദിക്കാനുമായി എത്താറുണ്ട്. അങ്ങനെ കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലെ ചൊക്ലിയിൽ ആരംഭിച്ച തെയ്യം കലാ അക്കാഡമിയുടെ പുരോഗതിക്കുവേണ്ടിയും അത് പരിപോഷിപ്പിക്കാനുമുള്ള എന്തെല്ലാം നടപടികളാണ് സാംസ്കാരിക വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയെന്ന് വിശദമാക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഇതുസംബന്ധിച്ച് കൈക്കൊണ്ട നടപടികളുടെ വിശദാംശം കത്ത് മുഖേന അങ്ങയെ പിന്നീട് അറിയിക്കുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഗ്രാമപ്രദേശങ്ങളിലും ചെറുപട്ടണങ്ങളിലും സാംസ്കാരിക വകുപ്പ് നാട്ടരങ്ങ് പദ്ധതി കഴിഞ്ഞ പ്രാവശ്യം വളരെ നല്ല രീതിയിൽ നടപ്പിലാക്കിയിരുന്നു. അതുപോലെ തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ഒഴിവുദിനങ്ങളിൽ ഒത്തുചേരുന്നതിനും അവരുടെ സാംസ്കാരിക തനിമ നിലനിർത്തുന്ന കലാപരിപാടികൾ നടത്തുന്നതിനും ആസ്വദിക്കുന്നതിനും സാംസ്കാരിക വകുപ്പ് എന്തെങ്കിലും പദ്ധതി

തയ്യാറാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾത്തന്നെ നാട്ടരങ്ങ് എന്ന പരിപാടി വളരെ ഫലപ്രദമായി നടക്കുന്നുണ്ട്. പ്രത്യേകിച്ച് കോവിഡ് കാലഘട്ടത്തിൽ സാംസ്കാരിക വകുപ്പ് വളരെ നല്ല രൂപത്തിൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ നാട്ടരങ്ങ് എന്ന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ടി പ്രോഗ്രാമിൽ നാടൻകലകളും നാടോടികലകളും മറ്റ് ശാസ്ത്രീയകലകളും ഉൾപ്പെടെ അവതരിപ്പിക്കാനുള്ള അവസരവും അതിന് ശ്രോതാക്കളുണ്ടാകുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. ഇത് പരിപോഷിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, കേരള നവോത്ഥാന പ്രസ്ഥാനത്തിന്റെ ഭാഗമായി കലാരംഗത്ത് ഏറെ സ്വാധീനം ചെലുത്തിയ പ്രസ്ഥാനമാണ് കെ.പി.എ.സി. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കിയെന്ന നാടകം കേരളത്തിൽ 1957-ലെ ഗവൺമെന്റ് വരാൻ സഹായിച്ച ഘടകമാണ്. അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കുമെതിരായ ഒട്ടേറെ നാടകങ്ങളാണ് അക്കാലത്ത് രംഗത്ത്

വന്നത്. അശ്വമേധം, ഭഗവാൻ കാലുമാറുന്നു എന്നിവയുൾപ്പടെ നൂറുകണക്കിന് നാടകങ്ങൾ കെ.പി.എ.സി.യുടേതായി വന്നിട്ടുണ്ട്. അത്തരം സാംസ്കാരിക പ്രസ്ഥാപനങ്ങളെ സഹായിക്കാൻ ഒരു പ്രത്യേക പദ്ധതി സർക്കാർ തയ്യാറാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കെ.പി.എ.സി.യുടെ ജീവാത്മാവും പരമാത്മാവുമായിരുന്ന തോപ്പിൽ ഭാസിയുടെ നാമധേയത്തിൽ ഒരു സ്ഥിരം നാടകവേദി കായംകുളത്ത് ആരംഭിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറായിക്കഴിഞ്ഞിരിക്കുന്നുയെന്ന കാര്യം അങ്ങയെ അറിയിക്കുകയാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, ആഖ്യാനത്തിന്റെ സൗന്ദര്യത്താൽ ലോകത്തെ വിസ്മയിപ്പിച്ച കൈരളിയുടെ തനത് കലാരൂപമാണ് കഥകളി. കഥകളിയോടുള്ള അഗാധമായ അഭിനിവേശത്താൽ കാലങ്ങളായി കഥകളി ഉത്സവങ്ങളും കുട്ടികൾക്കുപോലും കഥകളിയിൽ പരിശീലനവും നൽകുന്ന എന്റെ മണ്ഡലത്തിലെ അയിരൂർ കഥകളി ഗ്രാമം എന്നാണ് വിശേഷിക്കപ്പെടുന്നത്. അവിടെ തെക്കൻ കലാമണ്ഡല മാതൃകയിൽ എല്ലാ കലകളെയും സമന്വയിപ്പിക്കുന്ന ഒരു സ്ഥിരം വേദിക്ക് പദ്ധതി സമർപ്പിക്കുകയുണ്ടായി.

കൾച്ചറൽ ടൂറിസത്തിനുൾപ്പടെ സാധ്യതയുള്ള ഈ പദ്ധതി ടൂറിസം വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ശ്രീ. വി. എൻ. വാസവൻ : സർ, അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, മതനിരപേക്ഷ കേരളത്തെ വെല്ലുവിളിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ വടക്കേയറ്റമായ മഞ്ചേശ്വരം താലൂക്കിന്റെ പൈവളികെ-പഞ്ചായത്തിൽ ബായാർ വില്ലേജിലെ ബിരപ്പള്ളർ ബറോഡയിൽ ആർ.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നൊരു വീരകേസരി ക്ലബ്ബുണ്ട്. സാംസ്കാരിക ഭാഷ നടപ്പിലാക്കാനുള്ള ശക്തമായ ശ്രമമാണ് ടി ക്ലബ്ബ് നടത്തിവരുന്നത്. ക്ലബ്ബ് അടുത്തിടെ സംഘടിപ്പിച്ച കായികോത്സവത്തോടനുബന്ധിച്ച് ഹിന്ദുക്കൾക്ക് പ്രത്യേകം സ്വാഗതമെന്ന് എഴുതിയ കന്നട നോട്ടീസിറക്കിയിരിക്കുകയാണ്. ഇതിനുമുമ്പ് അവരുടെ കളിസ്ഥലത്ത് ഹിന്ദുക്കൾക്ക് മാത്രമെന്നുള്ള ബോർഡ് സ്ഥാപിക്കുകയുണ്ടായി. വ്യത്യസ്ത മതവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്നൊരു പ്രദേശമാണത്. തീവ്രഹിന്ദുത്വ നിലപാട് പ്രതിഫലിപ്പിക്കുന്ന ഇത്തരം നീക്കങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിശ്ചയമായും മതനിരപേക്ഷ ഭാരതത്തിന്റെ കടക്കൽ കത്തിവയ്ക്കുന്ന ഏറ്റവും വലിയ വിഭാഗീയ വിധ്വംസക പ്രവർത്തനത്തിന്റെ ഭാഗമായാണ് ഏതെങ്കിലുമൊരു മതവിഭാഗത്തിന്റെ പേരിൽമാത്രം കായിക-സാംസ്കാരിക ഉത്സവം സംഘടിപ്പിക്കുന്നത്. അത് കേരളീയ സംസ്കാരത്തിനോ ഭരണഘടനയ്ക്കോ ഒരിക്കലും യോജിച്ചതല്ല. അതിനെതിരായി ശക്തമായ നിലപാട് സർക്കാർ സ്വീകരിക്കും.

ശ്രീമതി ദെലീമ: സർ, സംസ്ഥാനത്തുടനീളം ഭിന്നശേഷിക്കാരായ ധാരാളം കലാകാരന്മാരുണ്ട്. അവർക്ക് കൂടുതൽ വേദികൾ കിട്ടുന്നില്ലെന്നത് വസ്തുതയാണ്. അവരെ പ്രോത്സാഹിപ്പിക്കുന്നതിനും മുൻപന്തിയിൽകൊണ്ടുവരാനും അവർക്കുവേണ്ടി വേദികൾ ഒരുക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിശ്ചയമായും ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന കൊടുത്ത സർക്കാരാണിത്. അവരുടെ നാനാതരത്തിലുള്ള വിഷയങ്ങളിൽ സാമൂഹികവും സാംസ്കാരികവുമായ ഉയർച്ചയ്ക്കുവേണ്ടി ബഡ്ജറ്റിൽത്തന്നെ തുക നീക്കിവച്ച് അത്തരം കാര്യങ്ങളിലിടപ്പെട്ടിട്ടുണ്ട്. കലാ-

സാംസ്കാരിക രംഗത്തെ പ്രവർത്തനത്തെയും പരിപോഷിപ്പിക്കുന്നതാണ്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> സർ, ഭാഷകളുടെയും കലകളുടെയും സംസ്കാരങ്ങളുടെയും വിളനിലമാണ് മഞ്ചേശ്വരം. കന്നടയിലെ പ്രഥമ രാഷ്ട്രകവി ഗോവിന്ദ പൈ 23 ഭാഷകളിൽ നാടകവും കവിതയും രചിച്ച് സാഹിത്യ ലോകത്ത് ഒരു നക്ഷത്രമായി ജ്വലിച്ചുനിന്നൊരു വ്യക്തിത്വമാണ്. അദ്ദേഹത്തിന്റെ പേരിൽ മഞ്ചേശ്വരത്ത് ജനിച്ച ഡോ. എം. വീരപ്പ മൊയ്‌ലി സി.എസ്.ആർ. ഫണ്ടിലൂടെ ഗിളിവിണ്ടു എന്ന അഞ്ച് കോടി രൂപയുടെ പദ്ധതി കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും കർണ്ണാടകത്തിന്റെ അന്നത്തെ മുഖ്യമന്ത്രി ശ്രീ. സിദ്ധരാമയ്യയും സംയുക്തമായാണ് എന്റെ നാടിനുവേണ്ടി സമർപ്പിച്ചത്. ഏറ്റവും മികച്ച കലാരൂപങ്ങളായ യക്ഷഗാനം, മ്യൂസിയവുമടക്കമുള്ള കേരളത്തിന് വരുമാനമുണ്ടാക്കുന്ന ഒരു ടൂറിസം പദ്ധതിയാണിത്. ഇപ്പോഴും ചെറിയൊരു ഫണ്ടിന്റെ കുറവുമൂലം അത് നാശത്തിന്റെ വക്കത്താണ്. ഒരു മീറ്റിംഗ് വിളിച്ച് അതിനെ രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നിശ്ചയമായും സമീപകാല ഭാവിയിൽ

അതുസംബന്ധിച്ച് മീറ്റിംഗ് വിളിച്ച് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. എച്ച്. സലാം: സർ, കേരളത്തിന്റെ ക്ലാസിക്കൽ രംഗകലകളും അനുഷ്ഠാന കലാരൂപങ്ങളും ഉൾച്ചേർത്തുകൊണ്ട് തനത് നാടകം സൃഷ്ടിക്കപ്പെട്ട കാവാലം നാരായണപ്പണിക്കർക്കും മലയാള സിനിമ നാടക രംഗത്ത് നിറസാന്നിദ്ധ്യമായിരുന്ന നെടുമുടി വേണുവിനും സ്മാരകം നിർമ്മിക്കാൻ നാളിതുവരെയും കഴിഞ്ഞിട്ടില്ല. കലാസാംസ്കാരിക മേഖലയ്ക്ക് അമൂല്യ സംഭാവനകൾ നൽകിയ കാവാലം നാരായണപ്പണിക്കർ, നെടുമുടി വേണു എന്നിവരുടെ പേരിൽ ഉചിതമായ സ്മാരകം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. എൻ. വാസവൻ: സർ, നൈസർഗ്ഗീയതയുടെ നാട്യാവതാരമായിരുന്ന നെടുമുടി വേണുവിനും കാവാലം നാരായണപ്പണിക്കർക്കും സ്മാരകം നിർമ്മിക്കുമെന്ന് ഞാൻ മുമ്പ് ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിനുള്ള മറുപടിയായി സൂചിപ്പിച്ചുകഴിഞ്ഞു. അത് ഭാവിയിൽ ആലോചിക്കുന്നതാണ്.

<u>ഡോ. എൻ. ജയരാജ്:</u> സർ, ഇവിടെ ചോദ്യത്തിൽ സൂചിപ്പിച്ച സാംസ്കാരിക നിലയങ്ങളിലൊന്ന് കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ലളിതാംബിക അന്തർജ്ജനത്തിന്റെ നാമധേയത്തിലുള്ള സാംസ്കാരിക നിലയമാണ്. അതിനുള്ള സ്ഥലം ഏറ്റെടുക്കാനുള്ള നടപടി ഏതാണ്ട് പൂർത്തീകരിച്ച് അത് 91 നോട്ടിഫിക്കേഷന്റെ ഘട്ടംവരെ എത്തിയതാണ്. കിഫ്ബിയിൽനിന്ന് നേരത്തെ നാല് കോടി എൺപത് ലക്ഷം രൂപയാണ് ലാന്റ് അക്വിസിഷനുവേണ്ടി നൽകിയത്. പക്ഷെ, കളക്ടറുടെ പുതിയ വാല്യുവേഷനനുസരിച്ച് ആറ് കോടി പത്ത് ലക്ഷം രൂപയോളം വരുന്നുണ്ട്. അഡീഷണലായി ഫണ്ട് കിട്ടാത്തതിനതാൽ തല്ക്കാലത്തേക്ക് പെൻഡിംഗിൽ വച്ചിരിക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ധനകാര്യ വകുപ്പും കിഫ്ബിയുമായി കൂടിയാലോചിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ; നേരത്തെ ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. സജിചെറിയാൻ വളരെ ഇനിഷ്യേറ്റീവ് എടുത്തൊരു പ്രോജക്ടാണത്. പ്രത്യേകിച്ച് കോട്ടയം ജില്ലയുടെ മന്ത്രിയെന്ന രീതിയിൽകൂടി കലാരംഗത്തെ വളരെയധികം സ്നേഹിക്കുന്ന ആളെന്ന നിലയിൽ ആ പ്രോജക്ട്

നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള അധിക തുക ആവശ്യപ്പെട്ടുകൊണ്ട് കത്ത് കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ബാക്കി കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണ്.

ശ്രീ. എം. നൗഷാദ്: സർ, ഭാവി കേരളത്തിന്റെ സാംസ്കാരിക കലാനായകന്മാരെ സൃഷ്ടിച്ചെടുക്കുന്ന, അവർക്ക് അതിനാവശ്യമായ പരിശീലനം നൽകുന്ന കൊല്ലം ജവഹർ ബാലഭവനിലെ അദ്ധ്യാപകർക്ക് ശമ്പളം കുടിശ്ശികയാണ്. അവിടെനിന്നുള്ള വരുമാനവും സർക്കാരിന്റെ ഗ്രാന്റും ഉപയോഗിച്ചാണ് അവർക്ക് ശമ്പളം നല്കിക്കൊണ്ടിരിക്കുന്നത്. കോവിഡ് കാലഘട്ടത്തിനുശേഷം അവർക്ക് തനതായ വരുമാനം നന്നേകുറഞ്ഞു. അതുകൊണ്ടുതന്നെ അവർക്ക് നിലവിൽ ലഭിക്കാനുള്ള കുടിശ്ശിക എത്രയുംവേഗം കൊടുത്ത് തീർക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: കോവിഡ് മഹാമാരിയുടെ പ്രത്യാഘാതത്തിൽ ഏറ്റവും ദുരിതം അനുഭവിക്കുന്നത് കലാകാരന്മാരാണ്.

അവരുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. അത് പ്രാവർത്തികമാക്കാനാവശ്യമായ അടിയന്തര നടപടികൾ ആവശ്യമാണ്. ഇന്നത്തെ വർത്തമാന പത്രങ്ങളിൽ വന്നൊരു വാർത്തയുണ്ട്. ശ്രദ്ധേയനായൊരു കലാകാരൻ ഇന്നലെ നിര്യാതനായി. അദ്ദേഹത്തിന്റെ മൃതശരീരം ഏറ്റുവാങ്ങാൻ ആളില്ലെന്ന വാർത്തയാണ് പത്രമാധ്യമങ്ങളിലൂടെ പുറത്തു വന്നിരിക്കുന്നത്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇന്ദുലേഖയിൽ അഭിനയിച്ച രാജ് മോഹനനാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കലാകാരൻ. അദ്ദേഹത്തിന്റെ മൃതശരീരം ഏറ്റുവാങ്ങാൻ ചലചിത്ര അക്കാഡമിക്ക് സാംസ്കാരിക വകുപ്പ് ഇന്നലെത്തന്നെ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, സിനിമ സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തുന്ന വളരെ പ്രധാനപ്പെട്ടൊരു മേഖലയാണ്. സമീപകാലത്ത് പുറത്തിറങ്ങുന്ന ന്യൂജനറേഷൻ സിനിമകളിൽ ലഹരി, ആക്രമണം, പ്രണയം നിരസിച്ചാൽ ഉടൻപോയി കൊല്ലുക, മോഷണം ഇതിനെല്ലാം വലിയ

സ്വീകാര്യത ലഭിക്കുന്ന നിലയിലാണ് അവതരിപ്പിക്കുന്നത്. ആവിഷ്കാര സ്വാതന്ത്ര്യത്തെ തടയണമെന്നല്ല ഞാൻ പറയുന്നത്. നമ്മുടെ കൾച്ചറിനും സെക്യൂലർ കാഴ്ചപ്പാടിനും വിരുദ്ധമായ കണ്ടന്റില്ലാത്ത ഒട്ടേറെ കാര്യങ്ങൾ വരികയാണ്. ഇതിനെതിരെ ഇടപെടാൻ സാംസ്കാരിക വകുപ്പിന് സാധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സിനിമയിലെ തെറ്റായ വശങ്ങളിൽ സെൻസർ ബോർഡിന് ഇടപെടാൻ കഴിയുന്നിടത്തോളം ഇടപെടുന്നുണ്ട്. മറ്റുള്ള ആവിഷ്കാര സ്വാതന്ത്ര്യത്തെ ധിക്കരിക്കാനോ നിഷേധിക്കാനോ സർക്കാരിന് കഴിയില്ല. ഏത് സ്വീകരിക്കണം ഏത് സ്വീകരിക്കേണ്ടയെന്ന് തീരുമാനിക്കാനുള്ള അവകാശം സ്രോതാവിനുണ്ട്. ആ വിധത്തിൽക്കൂടി ഇക്കാര്യം കൈകാര്യം ചെയ്യാവുന്നതാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

**(*363)** ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് അദ്ധ്യയന വർഷാരംഭത്തിൽ തന്നെ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) രണ്ടര ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങളിൽ നിന്നുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പിൽ നിന്നൊഴിവാക്കിയ സാഹചര്യത്തിൽ പ്രസ്തുത വിഭാഗക്കാരുടെ വിദ്യാഭ്യാസം തുടരുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) മെസ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നീ ഇനങ്ങളിൽ കേന്ദ്ര സർക്കാർ നൽകുന്ന തുക അപര്യാപ്തമായ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ മതിയായ തുക പ്രസ്തുത ആവശ്യത്തിലേക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021-22 വർഷം മുതൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ മാർഗ്ഗനിർദേശങ്ങളിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. ഇതുപ്രകാരം പട്ടികജാതി വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ സ്കോളർഷിപ്പ് തുക നൽകാവൂവെന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തു. ട്യൂഷൻ ഫീസും അതുപോലുള്ള മറ്റ് ഫീസുകളെല്ലാം സ്ഥാപനത്തിന് നേരിട്ട് നൽകുകയെന്ന സംസ്ഥാന സർക്കാർ വർഷങ്ങളായി തുടർന്നു വരുന്ന രീതി നിലനിർത്തുന്നതിനായി കേന്ദ്ര മാനദണ്ഡങ്ങളിൽ ഇളവ് തേടി സംസ്ഥാന സർക്കാർ നിരവധി തവണ കേന്ദ്രസർക്കാരിനെ സമീപിച്ചുവെങ്കിലും പുതുക്കിയ മാർഗ്ഗനിർദേശങ്ങളിൽ ഇളവു വരുത്താൻ കേന്ദ്രം തയ്യാറായില്ല. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള ആനുകൂല്യവും

ട്യൂഷൻ ഫീസ് ഉൾപ്പെടെയുള്ള ഫീസിനങ്ങളും വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്കുതന്നെ നൽകണമെന്നും അല്ലാത്ത പക്ഷം പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം നഷ്ടപ്പെടുമെന്നും വ്യവസ്ഥ ചെയ്യുകയുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്ര വിഹിതം നഷ്ടപ്പെടാതിരിക്കാനായി സംസ്ഥാന സർക്കാർ 2021-22 വർഷം മുതൽ പുതുക്കിയ രീതിയിലേയ്ക്ക് മാറുന്നതിന് നിർബന്ധിതമായി. പുതുക്കിയ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണ രീതിയിൽ സംസ്ഥാനത്തെ സ്വാശ്രയ മാനേജ്മെന്റുകൾ സർക്കാരിനെ അവരുടെ ആശങ്കകൾ അറിയിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി വകുപ്പുമന്ത്രി തലത്തിൽ സ്വാശ്രയ മാനേജ്മെന്റ് പ്രതിനിധികളുമായി ഈ വിഷയം ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ പുതുക്കിയ വിതരണ രീതിയുമായി സഹകരിക്കാമെന്നും സ്വാശ്രയ മാനേജ്മെന്റ് പ്രതിനിധികൾ സർക്കാരിന് ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. ഇ-ഗ്രാന്റ്സ് അപേക്ഷാ സമർപ്പണത്തിനുള്ള സമയത്തു തന്നെ അർഹതയുള്ള എല്ലാ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കും സൈറ്റിൽ നിന്നും ഫ്രീഷിപ്പ് കാർഡ് ഡൗൺലോഡ്

ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഈ കാർഡ് മുൻകൂർ ഫീസ് അടയ്ക്കാതെ തന്നെ നിശ്ചിത സ്ഥാപനത്തിൽ പ്രവേശനം നേടുന്നതിന് വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്നതാണ്. സ്ഥാപനത്തിൽ ഫ്രീഷിപ്പ് കാർഡുള്ള വിദ്യാർത്ഥികൾക്ക് മുൻകൂർ ഫീസ് വാങ്ങാതെ പ്രവേശനം നൽകുന്നതിന് ബാധ്യസ്ഥരുമായിരിക്കും. ഇത്തരത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് ഫീസ് തുക സർക്കാർ ക്രെഡിറ്റ് ചെയ്താൽ ഏഴ് ദിവസത്തിനകം സ്ഥാപനത്തിൽ ഒടുക്കാനുള്ള തുക വിദ്യാർത്ഥികൾ ഒടുക്കിയിരിക്കണം. ഇതിനായി അപേക്ഷാ സമർപ്പണ സമയത്തുതന്നെ വിദ്യാർത്ഥികളിൽനിന്നും ഓൺലൈനായി കരാർപത്രിക ലഭ്യമാക്കുന്നതുമാണ്. അത്തരത്തിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ആശങ്ക അകറ്റാനും പട്ടികജാതി വിദ്യാർത്ഥികളുടെ പ്രവേശനം ബുദ്ധിമുട്ടില്ലാതെ നടത്താൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. സംസ്ഥാന സർക്കാർ നേരത്തേതന്നെ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധി പരിഗണിക്കാതെയാണ് സ്കോളർഷിപ്പ് നൽകി വന്നിരുന്നത്. പുതുക്കിയ കേന്ദ്ര മാർഗ്ഗനിർദ്ദേശത്തിന്റെ

പശ്ചാത്തലത്തിൽ കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പട്ടികജാതി വിദ്യാർത്ഥികളെ സ്കോളർഷിപ്പിൽനിന്നും കേന്ദ്ര സർക്കാർ ഒഴിവായിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാർ പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്കും അർഹമായ സ്കോളർഷിപ്പ് നൽകുന്നു. ഇതിനുള്ള ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാർ നൽകുന്നു.

കേന്ദ്ര സർക്കാർ മെസ് ഫീസ്, ഹോസ്റ്റൽ ഫീസ് ഇനങ്ങളിൽ പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് മതിയായ തുക നൽകുന്നില്ല. കോഴ്സുകളെ ഗ്രൂപ്പുകളായി തിരിക്കുകയും ഓരോ ഗ്രൂപ്പിനും ഒരു നിശ്ചിത പ്രതിവർഷ തുക നൽകുകയുമാണ് ചെയ്യുന്നത്. എന്നാൽ സംസ്ഥാന സർക്കാർ ഇതിനുപുറമെ ഹോസ്റ്റലറായ എല്ലാ പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കും പ്രതിമാസം പരമാവധി 4500/- രൂപ (പ്രതിവർഷം 45000/-) വരെ ഹോസ്റ്റൽ ഫീസിനത്തിൽ നൽകുന്നുണ്ട്. ഇപ്പോൾ നൽകിവരുന്ന ഹോസ്റ്റൽ ഫീസ് വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുള്ള കാര്യമാണ്.

(ഡി) നിലവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ/യൂണിവേഴ്സിറ്റി/അഡ്മിഷൻ ഫീ റെഗുലേറ്ററി

കമ്മിറ്റി നിശ്ചയിക്കുന്ന ഫീസാനുകൂല്യങ്ങളും വർദ്ധിപ്പിച്ച നിരക്കിലുള്ള, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് മുതലായവയും അനുവദിക്കുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് കാലാകാലങ്ങളിൽ ബാബു വിജയനാഥ് കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഒരു കാലത്ത് അക്ഷരാഭ്യാസം ജാതി വ്യവസ്ഥ കാരണം നിഷേധിക്കപ്പെട്ട ജനതയ്ക്ക് ഇപ്പോൾ കേന്ദ്രത്തിന്റെ പുതുക്കിയ മാനദണ്ഡപ്രകാരം അർഹമായ സ്കോളർഷിപ്പ് നിഷേധിക്കപ്പെടുന്ന സമീപനമാണ് കേന്ദ്ര സർക്കാർ വീണ്ടും സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അവരെക്കൂടി ഉൾപ്പെടുത്താൻ ഈ സർക്കാർ പദ്ധതി വച്ചതിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ഏറ്റവും മികച്ച യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ കിട്ടുന്ന എസ്.സി. വിഭാഗത്തിൽപ്പെടുന്ന, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കിട്ടാനും തുടർന്ന് പഠിക്കാനും എന്തെല്ലാം സഹായമാണ് നൽകുന്നത്; അത്തരത്തിൽ കുട്ടികൾക്ക് സഹായം

നൽകി വരുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഏറ്റവും മികച്ച പഠനസൗകര്യങ്ങളൊരുക്കാനാണ് സർക്കാർ ശ്രദ്ധിക്കുന്നത്. വിദേശത്തെ പ്രധാനപ്പെട്ട യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നതിനുവേണ്ട സൗകര്യമൊരുക്കുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം അവസാനമായി ഇവിടെ സൂചിപ്പിച്ചത്. പി.ജി., പി.എച്ച്.ഡി. കോഴ്സുകൾക്ക് പഠിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കാൻ വേണ്ടിയാണ് വിദേശ പഠന സഹായം നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (ഇന്നലെ വരെ) 175 കുട്ടികൾക്ക് വിദേശത്ത് പഠിക്കാനുള്ള സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ട്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി വിദേശ പഠനത്തിന് കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പട്ടാമ്പിയിൽ 1989-ൽ രണ്ട് നിലകളുള്ള ഒരു പ്രീ-മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയാക്കിയതാണ്. എന്നാൽ 2010-നുശേഷം അവിടെ കുട്ടികൾ അഡ്മിഷനെടുക്കാത്ത

സാഹചര്യമുണ്ടാകുകയും ഇപ്പോൾ ഏകദേശം നിലച്ചുപോയിരിക്കുകയുമാണ്. വളരെ നല്ലൊരു കെട്ടിടമായിരുന്നെങ്കിൽ ഇപ്പോഴത് വളരെ മോശമായി മാറിക്കൊണ്ടിരിക്കുകയാണ്. നിരവധി തവണ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽ അറിയിച്ചിട്ടും അവരത് നവീകരിച്ചിട്ടില്ല. അടിയന്തരമായി കെട്ടിടത്തിന്റെ മെയിന്റനൻസ് നടത്തി അവിടെ പട്ടികജാതി വിഭാഗത്തിന് മുൻഗണനയുള്ള പോളിടെക്നിക് ആരംഭിക്കാനുള്ള സമീപനം സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, എസ്.സി. വിഭാഗത്തിന്റെ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഈ പ്രത്യേക സാഹചര്യത്തിൽ കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞുവരുന്നുണ്ട്. പട്ടാമ്പിയിലെ പ്രീ-മെട്രിക് ഹോസ്റ്റലിന്റെ കാര്യം ബഹുമാനപ്പെട്ട എം.എൽ.എ. നേരത്തെ സൂചിപ്പിച്ചിരുന്നതാണ്. അവിടെ ഹോസ്റ്റൽ നടത്തിക്കൊണ്ടുപോകാൻ പ്രയാസമാണ്. പകരമെന്തെങ്കിലും പഠനസൗകര്യങ്ങളുണ്ടാക്കാൻ കഴിയുമോയെന്നതാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം. തീർച്ചയായും അവിടെ മറ്റ് എന്തെങ്കിലും പഠനകാര്യങ്ങൾ ചെയ്യാൻ കഴിയുമോയെന്ന് പരിശോധിച്ച് നടപ്പാക്കാം.

ശ്രീ. വി. ശശി: സർ, ബി.ടെക് കോഴ്സ് പൂർത്തിയാക്കി വിജയിക്കാത്ത

എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്കുവേണ്ടി മുൻ സർക്കാർ പ്രഖ്യാപിച്ച റെമഡിയൽ കോഴ്സ് ഐ.എച്ച്.ആർ.ഡി.-യുടെ മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി നടപ്പാക്കിയിരുന്നു. ഈ സ്കൂളിന്റെ പ്രവർത്തനത്തിലൂടെ എത്ര വിദ്യാർത്ഥികൾക്ക് ബി.ടെക് വിദ്യാഭ്യാസം പൂർത്തിയാക്കി വിജയിക്കാൻ സാധിച്ചു; ഇപ്പോഴും ഈ മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി റെമഡിയൽ കോഴ്സ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് ഫലപ്രദമായി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബി.ടെക്/പ്രൊഫഷണൽ കോഴ്സുകൾ പഠിച്ച് പരാജയപ്പെടുന്ന കുട്ടികളെ വിജയിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി നടപ്പിലാക്കിയിട്ടും വേണ്ടത്ര പ്രയോജനം ലഭിച്ചിട്ടില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പഠിക്കുന്ന സന്ദർഭത്തിൽതന്നെ നല്ലതുപോലെ പഠിച്ച് എല്ലാ പരീക്ഷയും പാസ്സാക്കാൻ കഴിയുന്നരീതിയിൽ, പഠന സമയത്തുതന്നെ ഏറ്റവും മെച്ചപ്പെട്ട ട്രെയിനിംഗ് നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴ്സ് തോറ്റതിനുശേഷം വീണ്ടും പരീക്ഷയെഴുതുന്നവർ സ്വാഭാവികമായി വീണ്ടും സഹായം കിട്ടുമെന്നതിനാൽ

റെഗുലർ ക്ലാസുകളിൽതന്നെ പഠിക്കാതിരിക്കുന്ന ഒരു സ്ഥിതിയുണ്ട്. അതുകൊണ്ട് പഠിക്കുന്ന സമയത്തുതന്നെ മെച്ചപ്പെട്ട രീതിയിൽ പഠിച്ച് വിജയിക്കാൻവേണ്ട സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും അതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, പ്രൈമറി/സെക്കണ്ടറി/ഹയർ സെക്കണ്ടറി തലങ്ങളിൽ ഗോത്രവിഭാഗം കുട്ടികൾ കൊഴിഞ്ഞുപോകുന്നതായ വാർത്തകൾ വരുന്നുണ്ട്. ഗോത്രവിഭാഗത്തിലെ കുട്ടികൾക്ക് പൊതുവിദ്യാലയങ്ങളിലൂടെ ആത്മവിശ്വാസത്തോടെ പഠിക്കുന്നതിന് ഓരോ ഊരിനെയും ഒരു യൂണിറ്റായെടുത്ത് സൂക്ഷ്മതല വിദ്യാഭ്യാസ വികസന പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കുട്ടികൾ കൊഴിഞ്ഞുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരി കാലഘട്ടത്തിലാണ് കൂടുതലായി കുട്ടികൾ കൊഴിഞ്ഞുപോയിട്ടുള്ളത്. കൊഴിഞ്ഞുപോയ കുട്ടികളെ മുഴുവൻ സ്കൂളിലെത്തിക്കാൻ ഫലപ്രദമായ ഇടപെടൽ നടത്തിയതിന്റെ ഫലമായി 80 മുതൽ 85 ശതമാനം കുട്ടികളെ തിരികെ സ്കൂളിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു

കുട്ടിപോലും കൊഴിഞ്ഞുപോകാതിരിക്കാനുള്ള സംവിധാനത്തെക്കുറിച്ചാണ് ഇപ്പോൾ ചർച്ച ചെയ്യുന്നത്. അതിന്റെയടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പും ത്രിതല പഞ്ചായത്തുകളും എസ്.ടി. പ്രൊമോട്ടർമാരും പി.ടി.എ.കളും അദ്ധ്യാപക സംഘടനകളും കുട്ടികളെ സ്കൂളുകളിലെത്തിക്കുന്നതിനുവേണ്ട ശ്രമം സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ ആരംഭിച്ചിട്ടുണ്ട്. കൊഴിഞ്ഞുപോക്ക് കുറയ്ക്കാനുള്ള ഫലപ്രദമായ ഇടപെടലാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസത്തിനായി ജോബ് ഓറിയന്റഡ് കോഴ്സിൽ ചേർന്ന് അവിടെത്തന്നെ താമസിച്ച് പഠിക്കുന്നതിനുവേണ്ടി തൃശ്ശൂരിൽ പൂത്തോൾ പ്രദേശത്ത് ചാത്തൻ മാസ്റ്ററുടെ നാമധേയത്തിൽ ഒരു ഹോസ്റ്റലിന്റെ നിർമ്മാണത്തെക്കുറിച്ച് തീരുമാനമായിരുന്നു. പക്ഷേ, നിർമ്മാണം നീണ്ടുപോകുകയാണ്. കോടിക്കണക്കിന് രൂപ വിലയുള്ള സ്ഥലത്താണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഇനിയും വൈകിയാൽ സാങ്കേതികമായ പല തടസ്സങ്ങളും അവിടെ നേരിടുമെന്നതുകൊണ്ട് ചാത്തൻ മാസ്റ്ററുടെ നാമധേയത്തിലുള്ള ഈ സ്മാരക മന്ദിരത്തിന്റെ നിർമ്മാണപ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കും?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട തൃശ്ശൂർ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, മുൻമന്ത്രി കൂടിയായിരുന്ന ചാത്തൻ മാസ്റ്ററുടെ നാമധേയത്തിൽ പൂത്തോളിൽ ഒരു സ്മാരകം നിർമ്മിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചില തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. അവ മാറ്റുന്നതിനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. എത്രയും പെട്ടെന്നുതന്നെ പൂത്തോളിൽ ചാത്തൻ മാസ്റ്ററുടെ നാമധേയത്തിലുള്ള സ്മാരക മന്ദിരം പടുത്തുയർത്താൻ കഴിയും. അവിടെ പോസ്റ്റ് മെട്രിക് സ്റ്റഡീസിനുവേണ്ട എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. അത് എത്രയും പെട്ടെന്നുതന്നെ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ വളരെ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇവിടെ സൂചിപ്പിച്ച ഒരു കാര്യം, കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18,000 ഓളം വിദ്യാർത്ഥികൾ ഡ്രോപ് ഔട്ട്സ് ആയിട്ടുണ്ടെന്നാണ് 2021-ലെ സാമ്പത്തിക

അവലോകന റിപ്പോർട്ടിൽ പറയുന്നത്. ഒരു കാലത്തുമില്ലാത്ത ഒരു സാഹചര്യമാണിത്. ആയിരവും ആയിരത്തിഅഞ്ഞൂറും രണ്ടായിരവും കുട്ടികൾ ഓരോ വർഷവും എട്ട്, ഒൻപത് ക്ലാസ്സുകളിൽ പഠനം നിർത്തുകയാണ്. എല്ലാവരും തിരിച്ചുവരുന്നുവെന്നാണ് അങ്ങ് പറഞ്ഞത്. പക്ഷേ 18,000 കുട്ടികൾ കൊഴിഞ്ഞുപോയിട്ടുണ്ട് എന്നാണ് 2021-ലെ സാമ്പത്തിക അവലോകനം പറയുന്നത്. പ്രധാനമായും വയനാട് ജില്ലയിലാണ് കൊഴിഞ്ഞുപോക്ക് കൂടിക്കൊണ്ടിരിക്കുന്നത്. ഇത്തരം പ്രത്യേക കേന്ദ്രങ്ങളിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ടി ഇപ്പോൾ ചില പദ്ധതികൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും അതൊന്നും പ്രായോഗികമായി പൂർണതയിലെത്തുന്നില്ല. കൊഴിഞ്ഞുപോയ കുട്ടികളെ പൂർണമായും സ്കൂളുകളിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. പ്രത്യേകിച്ച് പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കിടയിൽ കൊഴിഞ്ഞുപോക്കുണ്ടായിട്ടുണ്ട്. അത് തടയാനുള്ള ഫലപ്രദമായ ഇടപെടലാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു

കുട്ടിപോലും കൊഴിഞ്ഞുപോകാതെ എല്ലാ കുട്ടികൾക്കും പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിന് പ്രോത്സാഹനം നൽകുന്ന രീതിയിലുള്ള പല കാര്യങ്ങളും ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആ പ്രോഗ്രാം നടപ്പിലാക്കുന്നതോടുകൂടി ഓരോ കുട്ടിയുടെയും കുടുംബത്തിലെയും പ്രശ്നങ്ങൾ പഠിച്ച് ആ കുട്ടികളെ സ്കൂളിലെത്തിക്കുന്നതിനുള്ള ഇടപെടൽ ഫലപ്രദമായി നടപ്പിലാക്കും. ഇടപെടുന്ന രീതികളെ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞു. ലോക്കൽ ബോഡികൾ ഫലപ്രദമായി ഇടപെടുകയാണെങ്കിൽ കൂടുതൽ കുട്ടികളെ സ്കൂളുകളിലേയ്ക്ക് തിരികെ കൊണ്ടുവരാൻ സാധിക്കും. റിമോട്ട് ഏരിയയിൽനിന്നടക്കം കുട്ടികളെ കൊണ്ടുവരുന്നതിനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്നതാണ്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, സിവിൽ സർവീസിൽ പ്രൊമോഷൻ നൽകുമ്പോൾ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല എന്നൊരു പരാതിയുണ്ട്. ഞാനിത് പറയാൻ കാരണം, കഴിഞ്ഞ

ദിവസം ക്ഷീര വികസന വകുപ്പിൽ ജോയിന്റ് ഡയറക്ടറായി പ്രൊമോഷൻ ലഭിക്കേണ്ടിയിരുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ട ഒരു ഉദ്യോഗസ്ഥന് ആ വകുപ്പിൽ അത് ലഭിക്കാതിരുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഈ ചോദ്യവുമായി ബന്ധപ്പെട്ട ഉപചോദ്യമല്ല. ഇത്തരം പരാതികൾ ഉയർന്നുവരുമ്പോൾ ഫലപ്രദമായി ഇടപെട്ട് അർഹരായ ആളുകൾക്ക് പ്രൊമോഷൻ ഉൾപ്പെടെ ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. പി. കെ. ബഷീർ: സർ, മുൻകാലങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫീസ് അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേയ്ക്കായിരുന്നു വന്നിരുന്നത്. ഈയടുത്തകാലത്ത് കുട്ടികളുടെ അക്കൗണ്ടുകളിലേയ്ക്കാണ് ടി പണം വരുന്നത്. ചിലപ്പോൾ മൂന്ന് കൊല്ലം കഴിഞ്ഞായിരിക്കും അക്കൗണ്ടിലേയ്ക്ക് പണം വരുന്നത്. ആ കുട്ടി മൂന്നാമത്തെ അല്ലെങ്കിൽ നാലാമത്തെ കൊല്ലം ആ കോളേജിൽനിന്ന് പോകുമ്പോൾ ഫീസ് പ്രസ്തുത സ്ഥാപനത്തിന് ലഭിക്കുന്നില്ല. അല്ലെങ്കിൽ

കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് പണം വരുമ്പോൾ അവരത് മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതുകൊണ്ട് കോളേജിന് പിന്നീട് പണം കിട്ടുന്നുമില്ല. അങ്ങനെവരുമ്പോൾ പല കോളേജുകളും പലവിധ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് ഇത്തരം കേസുകളിൽ ആ പണം സ്ഥാപനങ്ങളുടെ അക്കൗണ്ടിലേയ്ക്ക് വരുന്നതിനുള്ള സംവിധാനമുണ്ടാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, അതുതന്നെയാണ് ഞാൻ ഈ മറുപടിയിൽ പറഞ്ഞത്. സംസ്ഥാന ഗവൺമെന്റിന്റെ താൽപര്യം കുട്ടികൾക്ക് കൊടുക്കുന്നതല്ല, സ്ഥാപനങ്ങൾക്ക് കൊടുക്കുന്നതാണ് നല്ലത് എന്നുള്ളതുതന്നെയാണ്. കാരണം അവിടെയും ഒരു കൊഴിഞ്ഞുപോക്കിനുള്ള സാധ്യതയുണ്ട്. കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് പൈസ കൊടുക്കുമ്പോൾ കുട്ടികൾ ട്യൂഷൻ ഫീസോ മറ്റ് ഫീസുകളോ അടയ്ക്കാതെ വന്നാൽ അവർക്ക് പരീക്ഷ എഴുതാൻ കഴിയാത്തൊരു സാഹചര്യമുണ്ടാകും. ഇക്കാര്യം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ നിരവധി തവണ അറിയിച്ചു. പക്ഷേ, കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിന് മാറ്റമില്ല എന്നുമാത്രമല്ല, സംസ്ഥാനം ആ രീതിയിലേയ്ക്ക് പോയില്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് നൽകുന്ന വിഹിതം

കുറഞ്ഞുപോകുകയും ചെയ്യും. ഒരു വർഷം 87-90 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്നതാണ്. അത് പൂർണമായും നഷ്ടപ്പെടുന്ന സ്ഥിതി വരാതിരിക്കുന്നതിനുവേണ്ടിയാണ് ഈ പുതിയ സിസ്റ്റം കൊണ്ടുവരാൻ നാം നിർബന്ധിതമായത്. ഇക്കാര്യം ഞാൻ മറുപടിയിൽ പറഞ്ഞുകഴിഞ്ഞതാണ്. ഇപ്പോൾ മാനേജ്മെന്റുമായി ചർച്ച ചെയ്യുകയും നേരിട്ട് ഇൻസ്റ്റിറ്റ്യൂഷൻവഴി കുട്ടികളുടെ തുക കിട്ടണമെന്നുപറഞ്ഞ് മാനേജ്മെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസിന് പോകുകയും ചെയ്തിരുന്നു. കുട്ടികൾക്ക് നേരിട്ട് കൊടുക്കുന്നതിന് പകരം ഇൻസ്റ്റിറ്റ്യൂഷന് കൊടുക്കണമെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്ന് ഒരു വിധി വന്നിട്ടുണ്ട്. നേരിട്ട് കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് പൈസ കൊടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റിന്റെ നിർബന്ധ ബുദ്ധിയുണ്ട്. ഈ വിധി വന്നതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിച്ച് ഇതുസംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ,

പഠിച്ചുകഴിഞ്ഞാൽ എല്ലാവർക്കും ജോലി ലഭിക്കുന്നില്ല. കേരളത്തിലെ ഗവൺമെന്റ് വിവിധ സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ കൊടുത്തുകൊണ്ട് അവർക്ക് ജോലി ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളൊക്കെത്തന്നെ സ്വകാര്യവത്ക്കരിക്കുന്ന ഈ കാലഘട്ടത്തിൽ സ്വകാര്യ മേഖലയിൽക്കൂടി സംവരണം കൊണ്ടുവരുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ തൊഴിൽ ഒരു പ്രശ്നംതന്നെയാണ്. ആ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റിന് കഴിയാവുന്നത്ര രീതിയിലുള്ള ഇടപെടൽ നടത്തുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിച്ചത് സ്വകാര്യ മേഖലയിൽ റിസർവേഷൻ നടപ്പാക്കുന്നതിനെക്കുറിച്ചാണ്. അത് സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ കഴിയുന്നതല്ല, ഭരണഘടനാ ഭേദഗതിതന്നെ കൊണ്ടുവരേണ്ടതാണ്. സ്വകാര്യ മേഖലയിലും റിസർവേഷൻ വേണമെന്നുള്ളതാണ് ഈ പുതിയ കാലഘട്ടത്തിലെ മുദ്രാവാക്യം. അത് നമുക്ക് മുന്നോട്ടുവയ്ക്കേണ്ടതാണ്. പക്ഷേ നിലവിലുള്ള നിയമമനുസരിച്ച് സ്വകാര്യ

മേഖലയിൽ റിസർവേഷൻ നടപ്പിലാക്കുന്നതിന് പ്രയാസമുണ്ട്. കേന്ദ്ര നിയമംതന്നെ കൊണ്ടുവരുന്നതിനുള്ള സമ്മർദ്ദം ചെലുത്തണം. കേന്ദ്രം പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം തകർക്കുകയെന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. എല്ലാം സ്വകാര്യവത്കരിക്കുകയെന്ന നിലപാടാണ് സ്വീകരിക്കുന്നത്. ആ സന്ദർഭത്തിൽ കൂടുതലും ഈ പറയുന്ന റിസർവേഷൻ വിഭാഗത്തിനാണ് തൊഴിൽ നഷ്ടപ്പെടുന്നത് എന്നുള്ളത് കൃത്യമായി തിരിച്ചറിഞ്ഞിട്ടുണ്ട്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുരോഗതിക്ക് വിദ്യാഭ്യാസവും തൊഴിലുമാണ് ഏറ്റവും അത്യാവശ്യം. തൊഴിൽ അധികം പേർക്കും കിട്ടുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ, കരിയർ ഗൈഡൻസ്, അസാപ് പോലുള്ള കോഴ്സുകളും സംവിധാനങ്ങളും പട്ടികവർഗ്ഗ പുനരധിവാസ മേഖലയിൽ പ്രത്യേകമായി ആരംഭിക്കാനും ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇവിടെ പറഞ്ഞത് ശരിയാണ്. കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാനുള്ള ശ്രമം നടത്തിവരികയാണ്. അതിന്റെ

വിശദാംശങ്ങളിലേയ്ക്ക് ഞാനിപ്പോൾ കടക്കുന്നില്ല. കേരളത്തിലെ നാൽപ്പത്തിയാറോളം ഐ.ടി.ഐ.-കളിൽ ഇപ്പോൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന കോഴ്സുകൾ മതിയാവില്ല, കുറേക്കൂടി ആധുനികമായിട്ടുള്ള കോഴ്സുകൾ അവിടെ പഠിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അപ്പോൾ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകും.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസ്, മെസ് ഫീസ്, ലംപ്സംഗ്രാന്റ് എന്നിവ 2011-16 കാലഘട്ടത്തിൽനിന്നും ഈ ഗവൺമെന്റ് വന്നതിനുശേഷം എത്രമാത്രം വർദ്ധിപ്പിച്ചുവെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇപ്പോൾ വർദ്ധിപ്പിച്ചിട്ടില്ല. ഓരോ മൂന്ന് വർഷം കൂടുമ്പോഴാണ് കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിക്കുന്നത്. അത് വർദ്ധിപ്പിക്കേണ്ട സമയമായി. അതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് ലഭിക്കുന്നുണ്ട്. പക്ഷേ പല പുതിയ കോഴ്സുകളും പലപ്പോഴും അതിൽ

ഉൾപ്പെടുന്നില്ല. ഇപ്പോൾ ആധുനിക വിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകൾ ഉയർന്നുവരികയാണ്. ജോലി സാധ്യതയുള്ള ഇത്തരം കോഴ്സുകൾക്ക് ഇ-ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ തയ്യാറാണോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഓരോ കോഴ്സുകളുടെയും ഫീസിന്റെയും മറ്റ് സ്വഭാവങ്ങളും അനുസരിച്ച് പരിശോധന നടത്തിയിട്ടാണ് ഓരോ വിദ്യാഭ്യാസ കോഴ്സിനും പൈസ കൊടുത്തുകൊണ്ടിരിക്കുന്നത്. വ്യാപകമായി കൊടുക്കാൻ തുടങ്ങിക്കഴിഞ്ഞാൽ അത്രയും പൈസ കൊടുക്കാൻ സർക്കാരിന്റെ കൈവശമില്ല. ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുകൊണ്ടുമാത്രമേ കൊടുക്കാൻ സാധിക്കുകയുള്ളൂ. ഓരോ കോഴ്സും ആരംഭിക്കാൻ ഇത്ര ലക്ഷം രൂപ വേണമെന്ന് പറയുമ്പോൾ അത് കൊടുത്തുകഴിഞ്ഞാൽ നിലവിൽ കൊടുത്തുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് അത് കൊടുക്കാൻ കഴിയാത്ത സ്ഥിതി വരും. ഓരോ കോഴ്സിന്റെയും സ്വഭാവമനുസരിച്ച് ആനുകൂല്യം കൊടുക്കാൻ ശ്രമിക്കും.

ശ്രീമതി സി. കെ. ആശ: സർ, ഞാൻ ഈ ചോദ്യത്തിനായിരുന്നില്ല ഉപചോദ്യത്തിനുള്ള അവസരം ചോദിച്ചിരുന്നത്. പക്ഷേ ആ ചോദ്യംതന്നെ

ഇവിടെയും ചോദിക്കാവുന്നതായതിനാൽ ഞാൻ ചോദിക്കുകയാണ്. ഇത് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടതല്ല. ദേവസ്വം ബോർഡ് നിയമനങ്ങളിൽ പട്ടികജാതി വിഭാഗത്തിന്റെ മാനദണ്ഡം മറികടക്കുന്നുവെന്നുള്ള ഒരു പരാതി പത്രങ്ങളിൽ കഴിഞ്ഞ ദിവസം വന്നിരുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ സെലക്ഷൻ പ്രോസസ്സിൽ വന്നിട്ടുള്ള ചെറിയ ഒരു തകരാറിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് പരിശോധിച്ച് നിയമ വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, നിലവിൽ എസ്.സി./എസ്.ടി. വിഭാഗത്തിലെ വിദ്യാർത്ഥികൾ ഉന്നതവിദ്യഭ്യാസത്തിനായി നിലവിൽ കേരളത്തിനും ഇന്ത്യയ്ക്കും പുറത്ത് പഠനം നടത്തുന്നുണ്ട്. അവർക്ക് നിർദ്ദേശിച്ചിട്ടുള്ള കോഴ്സുകളും യൂണിവേഴ്സിറ്റികളും സംബന്ധിച്ച് കാലോചിതമായി പരിഷ്കരിക്കാത്തതിന്റെ ഭാഗമായി ഇപ്പോൾ പല ന്യൂജെൻ കോഴ്സുകളും

പ്രത്യേകിച്ച്, ആർക്കിടെക്ചർ, VFX (Visual Effexcts) പോലുള്ള കോഴ്സുകൾക്ക് സ്കോളർഷിപ്പ് ലഭിക്കാതെപോകുന്നുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം കോഴ്സുകൾകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഒറ്റവാക്കിൽ ഉത്തരം പറയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തിന് പുറത്തും വിദേശത്തും പുതിയ കോഴ്സുകളടക്കം കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങളാണ് ഉണ്ടാക്കിക്കൊടുക്കുന്നത്. സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കകത്തുനിന്നുകൊണ്ടാണ് ഇത് ചെയ്യാൻ കഴിയുന്നത് എന്നുള്ള കാര്യം ഞാൻ നേരത്തേ പറഞ്ഞു. കൂടുതൽ പുതിയ കോഴ്സുകൾക്ക് കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യം ഗവൺമെന്റ് തീർച്ചയായും പരിശോധിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)